Annual Subscription Rs.

REGD. No. M. 4374.

# മാപ്പിള റിവ്യൂ

# The MAPPILLA REVIEW

VOL 4 | OCTOBER 1944 | No. 6



Printed by K. A. KRISHNAN at the Empire Press, Calicut. Edited & Published by K. ABUBUCKER.

അതാണ് ഇവർക്ക്
സമ്പൂർണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്ദായകമാക്കിയത്.

**കേസരികുടീരം ലിമിററഡ്, മദിരാശി.**

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കർണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജണ്ടുമാർ :—
കൊച്ചിൻ മെഡിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.

## The Standard Furniture Co., Ltd.,
**KALLAI, MALABAR.**

**Manufacturers of**
**HOUSEHOLD**
**and**
**OFFICE FURNITURE**

*Branches :*
MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.




CHANK BRAND

ശംഖ് മാക്ക്
കൈത്തറി ലുങ്കികരം, കൈ
ലേസുകരം മതലായവ മാട്ട്
വവും, ധരിപ്പാൻ സുഖവും,
ഭംഗിയിൽ നിമ്മിതവുമാണ്.

MOHAMED ABOOBACKER & CO.
YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477-'GRAMS "KYLEKING"
95. THAMBU CHETTY ST.-G.T. MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA

&

Telegrams: "CHANKMARK'
DOOR No, 84
East Veli Street, MADURA.

മുഹമ്മദ് അബൂബെക്കർ & കമ്പനി.
84 ഈസ്റ്റ് വെളിസ്റ്റ്റീററ്, മധുര.

# Contents

Page


1. A History of Mughal Architecture—V. R. R. Dikshitar, M. A. 1
2. Economic Plans in India 3
3. Russia's Families 5
4. Form Archives of History—K. R. 7
5. Premiership of Nahas Pasha—Verghese Kalathil, M. A. 9
6. Mystery of the Moon—(Lokavaloki) 11
7. The Prophet (Poem)—Thayat Sankaran 13
8. India's Sterling Balance II—B. C. Verghese, M. A. 15
9. Herman Goering—K. A. Kodungallur 18
10. Poem—C. Narayanan M. A., L. T. 19
11. Tendencies in Modern Scientific Progress—T. P. Matheu B. A., B. L. 20

Children's Column

12. From London—Khan Bahadur K. Muhamad M. A. 21
13. Notes 23

ഇവിടെ എല്ലാവിധ രോഗങ്ങളും എത്ര
കാലപ്പഴക്കം ചെന്നതായാലും എളുപ്പത്തി
ൽ സുഖപ്പെടുത്തുന്നതിനുപുറമെ, ബാല്യ
ചികിത്സക്ക അത്യുത്തമവും, കുട്ടികൾക്ക
കഴിക്കുവാൻ വളരെ സ്വാദുള്ളതും, വ
സൂരി, വയരി, കോളറ,
ചൊറി, കൊക്കക്കെര മുതലായ
പകർച്ചവ്യാധികൾ പിടിപെടാതിരിക്കു
വാനും പിടിപെട്ടവർക്ക് എളുപ്പത്തിൽ സു
ഖപ്പെടുവാനും ഉള്ള ഹോമിയോ മരുന്നു
കൾ കിട്ടുന്നതാകുന്നു.

ഉഷ്ണരോഗങ്ങൾ പിടിപെട്ടവർക്കും, പി
ടിപെട്ടു തല്ക്കാലം സുഖമായെങ്കിലും അതു
സംബന്ധമായി ഉണ്ടാകുന്ന മററു പല
രോഗങ്ങൾക്കും ഉള്ള ഹോമിയോപ്പതി
മരുന്നുകൾക്ക്

Consult our Physician
M. KRISHNAN (Homoeo)

# രണഭൂമിയിൽ പോരാടുന്ന

# ★ നമ്മുടെ പടയാളികൾക്ക്

# കൂടുതൽ

# സുഖസൌകര്യങ്ങൾ നൽകി

# ★ അവർക്ക് പിന്തുണ നൽകുക

# ഗവണ്മെന്റുടെ യുദ്ധഫണ്ടി
# ലേക്ക് ഉദാരമായി
# സംഭാവനകൾ നൽകുക

# ബലക്ഷയവും
# നിരുന്മേഷതയും
# അടിച്ചകറ്റുന്നു.

Buy
DEFENCE
SAVINGS
CERTIFICATES

നിങ്ങൾ വാങ്ങുന്നത് കോഴിക്കോട്ട്, ഗവമ്മെണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ട് ബ്രാണ്ട്) "ഷാക്ക് ലിവർഓയൽ" തന്നെയല്ല എന്ന് സൂക്ഷിക്കുക.

# SHARK
# LIVER OIL

MADRAS GOVERNMENT · BRAND · MGB

GOVERNMENT OIL FACTORY, CALICUT.

ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി ലിമിററഡ്, മദിരാശി.

# *Use* "CROWN BRAND" TILES

Managing Proprietor:—
**P. K. NAIR.**

REGD

TRADE MARK

Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot &
Branch Office at
Wolfendhol
Street, Colombo

14" Gauge

**Perfect Model**

## Best quality "Crown" brand roofings and other tiles

Strong, light & non-porous.

**Largely used throughout**
**INDIA, BURMA, CEYLON & F. M. S.**

*Manufactured by:—*

**The Malabar Tile Works,**
**FEROKE, S. Malabar**

## The South India Corporation (Madras) Ltd.,
### CaLICUT H. O. Chettinad.

1. കമേർസിയൽ എമ്പോറിയം മിഠായിത്തെരുവ്, കോഴിക്കോട്:—

കൈത്തറിയിലും മില്ലുകളിലും ഉണ്ടാക്കുന്ന എല്ലാതര ശീലത്തരങ്ങളും സിൽക്കസാരികളും ഗവമ്മെണ്ട നിശ്ചയിച്ച വിലക്കു ഇവിടെ ചില്ലറയായി വിററുവരുന്നു. വലിയങ്ങാടിയിൽ ഞങ്ങളുടെ ഇരുമ്പുഷാപ്പിൻെറ മുകളിൽ ശീലത്തരങ്ങൾ മൊത്തമായും വിൽപ്പന നടത്തുന്നു.

2. പ്രൊഡ്യൂസ്സ് ഡിപ്പാർട്ടുമെൻറ്, വലിയങ്ങാടി, കോഴിക്കോട്:—

അരി, പഞ്ചസാര, മററ ധാന്യങ്ങൾ മുതലായവ മൊത്തമായി വ്യാപാരം നടത്തുന്നു.

3. ഹാർഡ്വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറ്, വലിയങ്ങാടി, കോഴിക്കോട്:—

ഇവിടെ സൈക്കിൾ സ്പെയർ പാർട്ടുകൾ, എലക്ട്രിക്ക് സാമഗ്രികൾ, കെട്ടിടങ്ങൾക്കാവശ്യമുള്ളതായ ഇരുമ്പ്, പിച്ചള, പെയിൻറ്, പോളിഷ് മുതലായവ വിൽക്കപ്പെടുന്നു.

4 മലബാർ ടിമ്പർ സ്റ്റോർസ് കല്ലായി:—

എല്ലാതരം മരത്തരങ്ങളും ഉരുപ്പടിയായും പണിത്തരമായും ഇവിടെ കച്ചവടം നടത്തുന്നു.

5. ബോമ്പെ, വസീർ എനാമൽ വർക്ക്സ്കാരുടെ താക്കോൽമാർക്ക എനാമൽ പ്ലെയിററ മുതലായവയും ആസ്പത്രികൾക്കാവശ്യമായ എല്ലാവിധ എനാമൽ സാമാനങ്ങളും, തകരക്കട, തകരക്കൊക്ക് എന്നീ മാർക്ക തീപ്പെട്ടികളും മലബാർ ഡിസ്ട്രിക്റ്റിന്ന് ഞങ്ങൾ ഏജൻസി എടുത്ത് സപ്ലൈ ചെയ്യുന്നുണ്ട്.

മേൽ വിവരിച്ച എല്ലാംവിധ സാമാനങ്ങളും ഗവർമ്മെണ്ട് നിജപ്പെടുത്തിയ വിലക്ക് വിൽക്കപ്പെടുന്നതാണ്.

സൌത്ത് ഇന്ത്യാ കോർപ്പൊറേഷൻ (മദിരാശി) ലിമിററഡ്, കോഴിക്കോട്.

# മാപ്പിള റവ്യൂ

പുസ്തകം 4. | 1944 ഒക്ടോബർ | ലക്കം 6.


# മുഗൾവാസ്തുശില്പചരിത്രം


വി. ആർ. ആർ ദിക്ഷിതർ, എം. എ.


ഭാരതീയവാസ്തുശില്പത്തേക്കാൾ ചേതോഹരവും വിശിഷ്ടവുമായ വേറൊരു വിഷയമില്ല ഈ ശാസ്ത്രത്തെപ്പററി ധാരാളം എഴുതപ്പെട്ടിട്ടുണ്ട്; പലതും എഴുതപ്പെടേണ്ടതുമുണ്ട്. പുനഃപുനഃലേഖനവിധേയമാക്കേണ്ടതായ ഒരു മഹത്തായ വിഷയമാണതു്. വാസ്തുശില്പം, വാസ്തുകലയും തച്ചുശാസ്ത്രവും ഉൾക്കൊള്ളുന്നതാണ്—അതായതു കെട്ടിടനിർമ്മാണരീതി. നിരവധി ക്ഷേത്രങ്ങളും സ്തൂപികകളും ചൈത്യങ്ങളും രാജധാനികളും ഉൾക്കൊള്ളുന്ന ഭാരതത്തിന്റെ വാസ്തുശില്പത്തിൽ മഹത്തായ ഒരു പാരമ്പര്യമുണ്ട്. കെട്ടിടനിർമ്മാണത്തിൽ അത്തരം ഉൽകൃഷ്ടപാരമ്പര്യത്തിൽ അധിഷ്ഠിതരായ ഇന്ത്യയിലെ പെരുതേരികൾ, നവംനവമായ ഓരോ ഹർമ്മ്യം നിർമ്മിക്കുമ്പോഴും കാലാനുസൃതം കലാപ്രാവീണ്യം പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. വാസ്തുശില്പം വളച്ചുമുട്ടിയ ഒന്നായിത്തീർന്നില്ല. അതു അടിക്കടി അഭിവൃദ്ധ്യുന്മുഖവും പരിഷ്കാരസമ്പന്നവുമായിത്തീർന്നുകൊണ്ടിരുന്നു. മുസ്ലിമീങ്ങൾ ഇന്ത്യയെ ആക്രമിച്ച അവസരത്തിൽ ഭാരതീയവാസ്തുശില്പം ഔന്നത്യകോടിയിലെത്തിയിരുന്നു.

ഈ രാജ്യത്തു പാർപ്പുറപ്പിച്ച മുസ്ലിമീങ്ങൾ വാസ്തുശില്പത്തിൽ ചില നൂതനാശയങ്ങൾ അവതരിപ്പിച്ചു; അങ്ങിനെ, ഇന്ത്യയിലെ ഇസ്ലാമിക വാസ്തുശില്പത്തിന്റെ പ്രാരംഭം പ്രതിഷ്ഠാപിതമായി. ഇന്ത്യയിലെ കെട്ടിടനിർമ്മാണസമ്പ്രദായത്തിൽ അനുപേക്ഷണീയമായ ഒന്നായിരുന്നു ഉത്തരം. മാത്രമല്ല, മോന്തായം കൂത്തവിധത്തിലുള്ള "ശിഖര"രീതി ഭാരതീയർക്കു ഏററവും പ്രിയപ്പെട്ട ഒന്നും ആയിരുന്നു. മിക്കവാറും ഹർമ്മ്യങ്ങൾ "ശിഖര"രീതിക്കനുസൃതമായിരുന്നു. പരമ്പരാഗതമായ ഈ രണ്ടു രീതികൾക്കു പകരം യഥാക്രമം കമാനവും കുംഭ (അർദ്ധഗോളാകാരമായ) ഗോപുരവും എന്ന നവീനരീതികൾ മുസ്ലിമീങ്ങൾ അവതരിപ്പിച്ചു. കെട്ടിടങ്ങൾക്കു കമാനം നടപ്പിൽ വന്നതോടുകൂടി ഉത്തരത്തിന്റെ ആവശ്യകതയില്ലാതായിത്തീർന്നു. ക്രമേണ, അററംകൂർത്തപുരകൾ കുംഭഗോള ഗോപുരങ്ങൾക്കു ക്രമേണ സ്ഥാനം ഒഴിഞ്ഞുകൊടുത്തു. ഈ പുതിയ രീതിയുടെ പ്രാചുര്യം കാരണം ഗംഭീരഹർമ്മ്യങ്ങൾ കുംഭഗോളഗോപുരങ്ങൾ കൂടാതെയില്ല എന്നായിത്തീരുകയാണുണ്ടായതു്. ഭാരതീയവാസ്തുശില്പത്തിൽ നവമായി അവതരിപ്പിക്കപ്പെട്ട ഈ പരിഷ്കാരത്തിന്റെ ഫലമായി കെട്ടിടങ്ങളുടെ ആകൃതിക്കുതന്നെ മാററം സംഭവിച്ചു. അതിനുമുമ്പു ഇന്ത്യയിലെ കെട്ടിടങ്ങളെല്ലാംതന്നെ സൂച്യാഗ്രരീതിയിലുള്ളതായിരുന്നു; ഇപ്പോൾ അതു അണ്ഡാകൃതിയിൽ ആകണമെന്നായി ജനങ്ങളുടെ അഭിമതം. ഈ പരിണാമം സാധിക്കുന്നതിൽ സമർത്ഥരായ പെരുതേരികൾ അതിചതുരതമാംവണ്ണം കർമ്മകുശലരായിരുന്നതിനാൽ ഗംഭീരമനോഹരമായ ഹർമ്മ്യങ്ങൾ അവർ നിർമ്മിച്ചു.

കൽപ്പണിയിൽ അവർ സമർത്ഥരായിരുന്നു. പുതിയ മുസ്ലിംകെട്ടിടങ്ങൾക്കു കൽചുമരുകൾക്കു വെള്ളവീശുക എന്ന സമ്പ്രദായമാണുണ്ടായിരുന്നതു്. ഈ പുതിയ രീതിയുടെ പ്രാരംഭം ഏകദേശം 13-ാംശതകത്തോടുകൂടിയാണെന്നു പറയാവുന്നതാണ്. മുഗിളകാലത്തിനുമുമ്പ്, മുഗിളകാലം എന്നിങ്ങിനെ ഇസ്ലാമിക വാസ്തുശില്പത്തെ രണ്ടായി തരംതിരിക്കാവുന്നതാണു. പേർസിബ്രൌൺ മൂന്നുരീതികളെപ്പററിയാണ് പ്രതിപാദിക്കുന്നതു്: ഒന്നാമതു 13-ാംശതാബ്ദംമുതൽ 16-ാം ശതാബ്ദത്തിന്റെ മദ്ധ്യകാലംവരെ നടപ്പിലിരുന്ന സാമ്രാജ്യപരമായ രീതി. തലസ്ഥാനനഗരമായ ഡൽഹിയിൽ മാത്രമാണതു നടപ്പിലിരുന്നിരുന്നതു്. രണ്ടാമതു, സംസ്ഥാനികരീതി. ഇതു് തിമൂറിന്റെ ആക്രമണത്താൽ ഡൽഹിയിലെ കേന്ദ്രാധികാരം വിച്ഛേദിക്കപ്പെട്ട കാലത്തു ബങ്കാൾ, ഗുജറാത്ത്, ബീജാപുരി ഇവിടങ്ങളിൽ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ മാതൃക പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. മൂന്നാമത്, മുഗൾരീതി. 16-ാംശതകത്തിന്റെ മദ്ധ്യകാലത്തോടുകൂടി ആരംഭിച്ച 18-ാംനൂററാണ്ടുവരെ ഈ രീതി

യാണു പ്രചുരപ്രചാരത്തിലിരുന്നിരുന്നത്. ഈ അവസാനസൂചിതമായ വാസ്തുശില്പരീതിയെയാണു പ്രകൃതത്തിൽ പ്രതിപാദിക്കപ്പെടുവാൻ പോകുന്നത്. ഈ രീതിക്ക രണ്ടുവിഭാഗങ്ങളുണ്ട്—മതപരവും ഭൌതികവും. പള്ളികളും ശവകുടീരങ്ങളും മതാധിഷ്ഠിതഹർമ്മ്യങ്ങളാണ്. രാജധാനികൾ, കോട്ടകൾ, ആരാമങ്ങൾ, ഇവ രണ്ടാമതുപറഞ്ഞവയും. മുഗൾചക്രവർത്തിമാർ ഈ രണ്ടു വിഭാഗങ്ങളിലും ശ്രദ്ധപതിപ്പിച്ചിരുന്നു. മുഗിളരുടെ ആശയസമ്പത്തിയിൽനിന്നുത്ഭവിച്ച പ്രധാന ഹർമ്മ്യങ്ങളുടെ ഒരു സമഗ്രവിവരണത്തിന്നു പുറപ്പെടുന്നതിന്നുമുമ്പ്, നവംനവമായ കെട്ടിടനിർമ്മാണരീതികൾക്ക ഉപവേശംനൽകിയത്, ചക്രവർത്തിമാർതന്നെയായിരുന്നു എന്നു പ്രസ്താവിക്കേണ്ടതു അത്യാവശ്യമാണ്. സ്ഥൂലമായ കലാചാതുരിയിലുള്ള അഭിനിവേശത്താൽ പ്രചോദിതരായി, സൌന്ദര്യബോധത്താൽ സമ്പന്നരായ മുഗിളരാജാക്കന്മാർ ഗംഭീരഹർമ്മ്യങ്ങൾ നിർമ്മിക്കുന്നതിൽ അടിക്കടി ഉല്യുക്തരായിരുന്നു. ഇവയിൽ പലതും, അന്നു ഇന്ത്യയിൽ വർദ്ധമാനമായിരുന്ന സംസ്കാരസമ്പത്തിൻെറ നിദർശനങ്ങളായി ഇന്നും നിലകൊള്ളുന്നുണ്ട്. മുഗിളരുടെ ഭാവനാസമൃദ്ധിയാണു ഈ കെട്ടിടങ്ങളുടെ സൂത്രം ചമച്ചത്; അവ നിർമ്മാണത്തിൽ വിജയിപ്പിച്ചതോ ഈ നാട്ടുകാർ തന്നെയായിരുന്ന ശില്പികളുടെ കുശലഹസ്തങ്ങളും. ഈ നിർമ്മാണത്തിൽ അവർ തങ്ങളുടെ പരമ്പരാഗതമായ അദ്വിതീയകലാചാതുരി തികച്ചും പ്രത്യക്ഷപ്പെടുത്തി.

മുഗിളരീതി'യെന്നു പറയപ്പെടുന്ന രീതിയുടെ ചരിത്രം പരിശോധിച്ചാൽ അവയ്ക്കു രണ്ടുഘട്ടങ്ങളുണ്ടെന്നു കാണാവുന്നതാണ്; ഒന്നു, ചെങ്കല്ലിൻെറ കാലം, അക്ബറിൻെറ കാലത്താണ് ഇതു പ്രചുരപ്രചാരത്തിലിരുന്നതു. രണ്ടാമത്, വെണ്ണക്കല്ലുകളുടെ കാലം. ഷാജിഹാനാണ് വെണ്ണക്കല്ല് സീമാതീതമാംവണ്ണം ഉപയോഗത്തിൽ വരുത്തിയത്. മുഗിളരുടെ വാസ്തുശില്പരീതിയുടെ മനോരഞ്ജകമായ ചരിത്രത്തിൽ, ബാബർക്കും ഹുമയൂണും ഉണ്ടായിരുന്ന സ്ഥാനങ്ങൾ ഉന്നതങ്ങളായിരുന്നില്ല എന്നു തോന്നിയേക്കാം. എന്നാൽ, അക്ബറിൻെറ കാലത്തു ഉച്ചനിലയിലേക്ക വളർന്നുവന്ന ആ രീതിയുടെ ആവിഷ്കർത്താക്കൾ അവരായിരുന്നു എന്നതു വാസ്തവമായിത്തന്നെ നിലകൊള്ളുന്നുണ്ടു. ബാബർ പ്രകൃതിയുടെ ഒരാരാധകനായിരുന്നു. അതിനാൽ അദ്ദേഹത്തിൻെറ ഹൃദയം, പ്രകൃതിയുടെ രാമണീയകത്വം തുളുമ്പുന്ന ആരാമങ്ങളിലാണു കൂടുതൽ അഭിനിവേശിച്ചിരുന്നതു. ബാബർ നിർമ്മിച്ചതെന്നു പറയപ്പെടുന്ന രണ്ടു പള്ളികളും—പാനിപ്പററിലേയും സാമ്പലിലേയും—ഹുമയൂൺ നിർമ്മിച്ച ചില പള്ളികളും ഇന്നും നിലനില്ക്കുന്നുണ്ടു. ഇന്നും നിലകൊള്ളുന്ന കെട്ടിടങ്ങളിൽ പൌരാണികമായവയിൽ ഒന്നു ഡൽഹിയിലുള്ള ഹുമയൂൻെറ ശവകുടീരമാണ്. ചക്രവർത്തിയുടെ നിര്യാണാനന്തരം എട്ടുവർഷം കഴിഞ്ഞു, അദ്ദേഹത്തിൻെറ ധർമ്മദാരമായിരുന്ന ഹാജിബീഗം നിർമ്മിച്ചതാണിത്. സുവിസ്തൃതമായ ഒരു ഉപവനത്താൽ ഇതു വലയംചെയ്യപ്പെട്ടിരിക്കുന്നു. കേന്ദ്രസ്ഥമായ കുടീരത്തിൽ ചക്രവർത്തിയേയും കുടുംബങ്ങളേയും സംസ്കരിച്ച ഹൃത്യസ്ത അറകളാണ്. അകത്തും പുറത്തും ഓരോ അർദ്ധഗോളം വെച്ചുപിടിപ്പിച്ച ഒരു കുംഭഗോപുരം ഇതിന്നുണ്ട്.

(തുടരും)

പ്രസിദ്ധമായ
A. V. OIL
രക്തദൂഷ്യത്തിന്നു അത്യുത്തമം.

വട്ടാമ്പൊയിൽ
ചാത്തുക്കുട്ടി വൈദ്യരുടെ

K. V. KRISHNAN
THE ANGLO INDIAN PHARMACY, CALICUT.

# ഇന്ത്യയിലെ സാമ്പത്തിക പദ്ധതികൾ

ബങ്കാൾ ക്ഷാമവും ഭക്ഷണദൌർല്ലഭ്യംമൂലമുണ്ടായ മററു ദുർഘടഘട്ടങ്ങളും ഇന്ത്യയുടെ സാമ്പത്തികാഭിവൃദ്ധിക്കുള്ള പദ്ധതികളുടെ നിർമ്മാണത്തിന്ന പ്രേരകമായി ഭവിച്ചു. എല്ലാവരുടെയും കേന്ദ്രീകൃതമായ ശ്രദ്ധ ബോംബെ പദ്ധതിയിലേക്കു തിരിഞ്ഞിരിക്കുന്നു. എന്നാൽ റാഡിക്കൽ ഡെമോക്രാററിക്ക് പാർട്ടി തയ്യാറാക്കിയിരിക്കുന്ന "പീപ്പിൾസ് പ്ലാൻ" എന്ന പദ്ധതിയെ അവഗണിച്ചുകൂടാ. ജവഹർലാൽ നെഹ്റുവിന്റെ പ്രത്യേകമായ താല്പര്യത്തിൽ പ്രവർത്തിച്ച കോൺഗ്രസ്സ് പ്ലാനിംഗ് കമ്മിററിയാണ് ഈ ആലോചനാഗതിക്ക് പ്രാരംഭപ്രചോദനം നൽകിയതെന്നുള്ളതു് ഓർത്തിരിക്കേണ്ടതാണ്.

ഈ പദ്ധതികൾ നിർദ്ദേശിക്കുന്നത് പ്രായേണ കഴിയുന്നിടത്തോളം കുറഞ്ഞ ഭക്ഷണത്തോടു്, ആവശ്യമുള്ള താമസസൌകര്യം, ശരിയായ രീതിയിലുള്ള, പൊതുജനാരോഗ്യസംരക്ഷണം, ജലവിതരണം, പട്ടണങ്ങളിലും ഗ്രാമങ്ങളിലും ആവശ്യമുള്ള ചികിത്സാസൌകര്യങ്ങൾ, ജനങ്ങളുടെ അഞ്ചിലൊരുഭാഗത്തിന് ഹൈസ്കൂൾ വിദ്യാഭ്യാസസൌകര്യം, എല്ലാ കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം, മുതിർന്ന ആളുകൾക്ക് ആവശ്യമുള്ള അക്ഷരജ്ഞാനം, സാങ്കേതിക വിദ്യാഭ്യാസാഭിവൃദ്ധി, എന്നിവയാണ്. ഈ ഉദ്ദേശങ്ങൾ ("ഇക്കണോമിസ്റ്റ്" പറയുന്നതുപോലെ) രണ്ടു പദ്ധതികൾക്കും പൊതുവിലുള്ളതാണ്. ഇന്ത്യയ്ക്കുവേണ്ടി സജ്ജമാക്കപ്പെടുന്ന എല്ലാ പദ്ധതികളിലും ഇവയെ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ, ഈ ഉദ്ദേശം എങ്ങനെ സാധിക്കും?

താഴെ കാണുന്ന ഉത്തരമാണ് മനസ്സിൽ ഉദിക്കുന്നതു്:—പണംകൊണ്ടുള്ള ഒരു മഹേന്ദ്രജാലത്താൽ അതു് സാധിക്കാവുന്നതാണ്. 130 ശതമാനം കാർഷികോല്പന്നങ്ങൾ വർദ്ധിപ്പിക്കണമെന്നും, അതു് സാധിക്കുമെന്നും ബോംബെപദ്ധതി സങ്കല്പിക്കുന്നു. 30 ശതമാനം മാത്രമേ വർദ്ധിപ്പിക്കുവാൻ സാധിക്കയുള്ളുവെന്ന് ഇന്ത്യാഗവമ്മെൻറ് വിചാരിക്കുന്നു. എന്നാൽ, 130 ശതമാനമോ, 30 ശതമാനമെങ്കിലുമോ വർദ്ധിപ്പിക്കുവാൻപര്യാപ്തമായ സാഹചര്യങ്ങൾ എന്തെല്ലാമെന്ന് ഒരുവന് ന്യായമായി ചോദ്യം ചെയ്യാവുന്നതാണ്. "അങ്ങനെ സംഭവിക്കണം" എന്ന് സോഷ്യലിസ്റ്റ്കാരുടെ ഒരു കമ്മിററി പറഞ്ഞതുകൊണ്ടുമാത്രം ധാന്യോല്പാദനം വർദ്ധിക്കയില്ല; ജലസേചനപദ്ധതി അഭിവൃദ്ധിപ്പെടുകയില്ല.

കർഷകർ ഫലപ്രദമായ രീതിയിൽ സഹകരിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ ഈ സംഗതികൾ നടപ്പിൽ വരികയുള്ളൂ

ധാന്യങ്ങൾ 10 ശതമാനവും, പരിപ്പുവർഗ്ഗം 20 ശതമാനവും, കൊഴുപ്പും എണ്ണയും 250 ശതമാനവും, പഴങ്ങൾ 50 ശതമാനവും, പച്ചക്കറികൾ 100 ശതമാനവും, പാൽ 200 ശതമാനവും വർദ്ധിപ്പിക്കണമെന്ന് ഇന്ത്യയിലെ അഗ്രിക്കൾച്ചറൽ റിസേർച്ച് ഇമ്പീരിയൽ കൗൺസിൽ അഡ്വൈസറി ബോർഡ്സ്പെഷ്യൽ കമ്മിററി നിർദ്ദേശിക്കുന്നു. മദ്രാസിലെ പോഷണവസ്തുവിദഗ്ദ്ധൻ ഡോക്ടർ എയ്ക്രോയിഡിന്റെ പദ്ധതിയനുസരിച്ചു ഇന്ത്യൻ ജനതയുടെ ഭക്ഷണരീതി നന്നാക്കണമെങ്കിൽ മേൽപ്പറഞ്ഞ സാധനങ്ങളുടെ വർദ്ധനവ് ആവശ്യമാണ്.

പാൽ വർദ്ധിപ്പിക്കണമെങ്കിൽ കന്നുകാലികളെ വർദ്ധിപ്പിക്കണം. അഗ്രിക്കൾച്ചറൽ റിസേർച്ച് കമ്മിററി 400 ശതമാനം പിണ്ണാക്കും 55 ശതമാനം കന്നുകാലികളുടെ ഭക്ഷണധാന്യങ്ങളും വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

അഭിലഷണീയമായ ഈ സംഗതികൾ സാധിക്കുന്നതെങ്ങനെയെന്നുള്ള പ്രശ്നം പിന്നെയും അവശേഷിക്കുന്നു. ഉദ്ദേശം സാധിക്കണമെങ്കിൽ അതിനാവശ്യമായ ഉദ്യോഗസ്ഥസംഘം വേണമെന്നു പറയുന്നതിൽ കമ്മിററി പരമാർത്ഥാവസ്ഥയെ സമീപിച്ചുകാണുന്നു. സാങ്കേതിക വിദഗ്ദ്ധന്മാരുടേയും, കർഷകരുടേയും ഇടയ്ക്കു് കാര്യങ്ങൾ പറഞ്ഞു് മനസ്സിലാക്കുവാൻ ഒരു "വില്ലേജ് ഗൈഡ്" ആവശ്യമാണെന്നു കമ്മിററി അഭിപ്രായപ്പെടുന്നു. കർഷകന്റെ ഇപ്പോഴത്തെ മാന്ദ്യത്തിൽനിന്ന് അവനെ ഉണർത്തുവാൻ സാങ്കേതിക വിദഗ്ദ്ധന്മാരും, അവരുടെ "വില്ലേജ് ഗൈഡു"കളും വിചാരിച്ചാൽ സാധിക്കുമെന്ന് നമുക്ക് നിശ്ചയിക്കാമോ? ലക്ഷോപലക്ഷം ഇന്ത്യൻ കർഷകരുടെ ശരീരത്തിലും മനസ്സിലും ശരിയായ പ്രചോദനം ആണ് ഇപ്പോഴത്തെ ആവശ്യം. ഇതിന്റെ ആദ്യത്തെപ്പടിയായി, ഭൂമിയുടെ ദേശീയ ഉടമസ്ഥതയെ "പീപ്പിൾസ് പ്ലാൻ" ആവശ്യപ്പെടുന്നു. ഈ പ്രശ്നത്തിന്റെ അടിത്തട്ടുവരെയും പീപ്പിൾസ് പ്ലാൻ പരിശോധിച്ചുകഴിഞ്ഞു. അടുത്ത ഭാവിയിൽ രാഷ്ട്രീയമായി ഇതു് സാധിക്കുമോയെന്നു പറയുവാൻ നിർവ്വാഹമില്ല. സാമ്പത്തികാഭിവൃദ്ധിക്ക് വിരുദ്ധമായ ഭൂമിവിഭജനത്തിനും മററും കാരണമായ കടബാദ്ധ്യതകളിൽനിന്നും മററു പ്രയാസങ്ങളിൽനിന്നും കർഷകൻ

സ്വാതന്ത്ര്യം നേടുന്നതുവരെ ഈ പദ്ധതികളെല്ലാം കടലാസിൽ മാത്രം അവശേഷിക്കുമെന്നു മിക്കവാറും തീർച്ചപ്പെടുത്താവുന്നതാണ്. ക്രൂരത, മലേറിയ, അജ്ഞത, കടം, അന്ധവിശ്വാസം എന്നിവകളുടങ്ങിയ ദുഷ്ടവലയത്തിനുള്ളിൽ മനുഷ്യർ മരണകരമായവിധം മുട്ടിക്കപ്പെടുന്നു.

നിലമുടമസ്ഥത സ്ഥിരപ്പെടുത്തുക, കടബാദ്ധ്യതകളെ നിർമ്മാർജ്ജനം ചെയ്യുക, കൃഷിയും കച്ചവടവും സഹകരണപ്രസ്ഥാനമനുസരിച്ച് നടത്തുക — ഇവയാണ് ആവശ്യമായിരിക്കുന്ന പ്രഥമപരിഷ്കാരങ്ങൾ. ജന്മിമാരുടെയും, പണവ്യാപാരികളുടെയും മററു സ്ഥാപിത താല്പര്യങ്ങളുടെയും എതിർപ്പിനെ തട്ടിയുടച്ചു പൊതുജന സഹായത്തോടുകൂടി പ്രവർത്തിക്കുവാൻ ധൈര്യമുള്ള ഒരു ഗവർമ്മെൻറിനു മാത്രമേ ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിക്കയുള്ളു.

ഇതുപോലെയുള്ള സാമുദായിക പരിഷ്കരണങ്ങൾക്ക് പണം അത്യാവശ്യമാണ്. എന്നാൽ, ഇത്രകോടി പവൻ വേണമെന്നോ, ഇത്ര കോടി ഉറുപ്പിക വേണമെന്നോ ഉള്ള വിഷയത്തിനല്ല പ്രാധാന്യം കല്പിക്കേണ്ടത്. ഇന്ത്യയിലെ ലക്ഷോപലക്ഷം കർഷകരുടെ സാമ്പത്തികമായ സ്വാതന്ത്ര്യത്തെ ലക്ഷ്യമാക്കിവേണം പ്രവർത്തിക്കുവാൻ. ഇങ്ങനെ ചെയ്യുന്നെങ്കിൽ മാത്രമേ, കാർഷികോല്പന്നങ്ങളുടെ വർദ്ധനവിന് സ്ഥിരത ലഭിക്കയുള്ളു. ഇന്ത്യയുടെ ദേശീയ ഗവർമ്മെൻറിന്റെ പ്രഥമജോലി ഇതാണ്. വേറൊരുതരം ഗവർമ്മേൻറിനും ഇതു നടപ്പിൽ വരുത്തുവാൻ സാധ്യമല്ല. ഈ പരിഷ്കാരം നടപ്പിൽവന്നാൽ 130 ശതമാനം വർദ്ധനവുപോലും ഒരു കഠിനതരമായി തോന്നാനിടയില്ല. കാർഷികോല്പന്നങ്ങളുടെ വർദ്ധനവിൽ അത്ര വമ്പിച്ച അഭിവൃദ്ധി ഉണ്ടാകുന്നതാണ്.

അതുപോലെതന്നെയാണ് വ്യവസായത്തിന്റെ കാര്യവും. വ്യവസായത്തൊഴിലാളികൾ അവരുടെ ജോലിയിൽ പൂർണ്ണമായ താല്പര്യം കാണിക്കത്തക്കവണ്ണം പ്രോത്സാഹജനകമായ ഒരു പരിതസ്ഥിതിയുണ്ടാകണം. അല്ലാത്തപക്ഷം വ്യവസായോല്പന്നങ്ങളുടെ വമ്പിച്ച അഭിവൃദ്ധിയെക്കുറിച്ചു പദ്ധതികൾ തയ്യാറാക്കുന്നതു വെറുതെയാണ്. കൂടുതൽ താമസസൗകര്യം, കൂടുതൽ നല്ല ഭക്ഷണം, കൂടുതൽ കൂലി എന്നിവയാണ് ആവശ്യം. സാമുദായിക സുരക്ഷിതാവസ്ഥയും, വ്യവസായത്തിൽ ഏതെങ്കിലും ഒരു പങ്കും ആവശ്യമായിവന്നേക്കാം. വൻതോതിലുള്ള സാമുദായിക പരിഷ്കാരങ്ങൾ സുനിശ്ചിതമാക്കിയില്ലെങ്കിൽ, കടലാസിൽ അവശേഷിക്കുന്ന പദ്ധതികൾക്ക് ഒന്നും നേടുവാൻ സാധ്യമല്ല. എന്നാൽ ഈ പദ്ധതികൾ ഇപ്പോഴുള്ള പല പ്രശ്നങ്ങളെ കുറിച്ചും ആലോചിക്കുവാൻ സഹായകമായിത്തീരും. യാഥാർത്ഥ്യമനുസരിച്ച് ഈ പ്രശ്നത്തെ നാം അഭിമുഖീകരിക്കണം. അതിന് കാലവിളംബമുണ്ടാകരുത്. എങ്കിൽ മാത്രമേ, അപകടത്തിൽനിന്നു രക്ഷനേടുവാനും ഐശ്വര്യത്തെ ദൃഷ്ടിഗോചരമാക്കുവാനും സാധിക്കയുള്ളു.

"മാഞ്ചെസ്റ്റർ ഗാഡിയൻ"

"CROWN BRAND" Underwears for You!
WHETHER WAR OR NO WAR
We are always at your Service
Insist on CROWN BRAND and CROWN BRAND alone
CHEAP AND DURABLE
BEST BY EVERY TEST
*Manufactured by:—*
MALABAR & PIONEER HOSIERY, LTD.
CHALAPURAM P. O., CALICUT.
SPORTS SHIRTS ARE OUR SPECIALITIES

# റഷ്യയിലെ കുടുംബജീവിതം

വിവാഹം, വിവാഹമോചനം, പിതൃത്വം മുതലായവയെപ്പററി കഴിഞ്ഞ ജൂലായി മാസത്തിൽ പുറപ്പെടുവിച്ച പുതിയ നിയമങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മററതരത്തിൽ, സോവിയററ്ഷ്യയിലെ മുഴുവൻ ജനതക്കും ബാധകമായിരിക്കുന്നു. അമ്മമാർക്ക് വേതനം, ശമ്പളം, കീർത്തിമുദ്രകൾ എന്നിവ കൊടുക്കുന്നതിൽ സാർവ്വത്രികമായ അനുകൂല്യം ജനങ്ങൾ പ്രകടിപ്പിച്ചു കാണുന്നുണ്ട്. പക്ഷെ പിതാക്കന്മാർക്കും ഇദൃശങ്ങളായ ആനുകൂല്യങ്ങൾ നൽകണമെന്ന് ചിലർ വാദിക്കായ്കയില്ല

കുടുംബത്തിന് വേതനം കൊടുക്കുകയെന്നത് 1936-ലെ നിയമംമൂലം നടപ്പിൽ വന്നിട്ടുള്ളതാണ്. ഈ നിയമം ഗർഭമഴിച്ചു കളയുന്നതിനെ തടയുകയും വിവാഹമോചനത്തിനുള്ള ഫീസ്സ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ജനവർദ്ധന ആവശ്യം

ഈ യുദ്ധം സോവിയററ്ഷ്യയിൽ വലിയ ആൾനാശം ഉണ്ടാക്കിയിരിക്കുന്നു. യുദ്ധത്തിൽ കൊല്ലപ്പെട്ടവരും ശത്രുക്കളുടെ കയ്യാൽ നശിപ്പിക്കപ്പെട്ടവരുമായ സോവിയററ് പൌരന്മാരുടെ സംഖ്യ വമ്പിച്ചതാണ്. ഇതിനെ നികത്തേണ്ടത് ഭാവിയിൽ അത്യാവശ്യമായിരിക്കുന്നു. ഈ യുദ്ധത്തിനുമുമ്പുതന്നെ ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനു പല ആനുകൂല്യങ്ങളും ദമ്പതിമാർക്ക് ചെയ്തുകൊടുത്തിട്ടുള്ള പരിഷ്കൃത രാജ്യങ്ങൾ വളരെയുണ്ട്.

അവിവാഹിതകളായ അമ്മമാർക്കു (സന്താനമുള്ളവർക്കു) വേതനം നൽകുകയെന്നത് പുതിയ നിയമത്തിലെ ഒരു സവിശേഷതയാണ്. ആദ്യകാലത്ത് വിവാഹിതകളായ അമ്മമാർക്കു 4-ാമത്തെ കുട്ടിയുണ്ടാകുമ്പോഴെ വേതനം നൽകിയിരുന്നുള്ളു. അവിവാഹിതരായ അമ്മമാർക്കു ഇപ്പോൾ ഒന്നാമത്തെ കുട്ടി മുതൽക്കുതന്നെ ഈ വേതനം ലഭിക്കുന്നതാണ്. മുമ്പ് 5 കൊല്ലത്തോളമാണ് ഈ വേതനം നൽകിയിരുന്നത്. ഇപ്പോൾ അത് 12 കൊല്ലമാക്കിയിരിക്കുന്നു. അവിവാഹിതകളായ അമ്മമാർക്കുവേണമെങ്കിൽ തങ്ങളുടെ കുട്ടികളെ അനാഥാലയത്തിൽ ചേർക്കാവുന്നതാണ്. അപ്പോൾ വേതനത്തിനു പകരം കുട്ടിയെ സംരക്ഷിക്കേണ്ട മുഴുവൻ ചുമതലയും ഗവർമ്മെണ്ട് ഏറെറടുക്കുന്നു. ഇഷ്ടമുള്ളപ്പോൾ ഇങ്ങിനെയുള്ള കുട്ടികളെ അവരുടെ അമ്മമാർക്കു മടക്കിവാങ്ങാം. കുട്ടി ജനിച്ച് അതിന്റെ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ, മുമ്പത്തെപോലെ, അതിന്റെ പിതാവിന്റെ വിവരം കൊടുക്കണമെന്ന് നിർബ്ബന്ധമില്ല. "നിയമപരമല്ലാതെ" യുണ്ടാകുന്ന കുട്ടികൾക്ക് സ്റ്റേററ് വേതനത്തിനുപുറമെ അവയുടെ പിതാക്കന്മാർക്കും പണം കൊടുക്കാവുന്നതാണ്.

എല്ലാ സ്ത്രീകൾക്കും, അവർ വിവാഹിതരായാലും ഇല്ലെങ്കിലും, സന്താനോല്പാദനം ചെയ്യുന്നതിനു വിരോധമില്ല. ഇത്തരം അമ്മമാരെയും വിവാഹിതരായ അമ്മമാരെയും പൊതുജനാഭിപ്രായം ഒരേ തരത്തിലാണ് വീക്ഷിക്കുന്നത്. മാതൃത്വമാണ് സ്ത്രീയുടെ ഏററവും വലിയ പ്രവൃത്തിയെന്നും യുദ്ധകാലത്തുള്ള പ്രവൃത്തികൾ ഇതിനു തടസ്സം ഉണ്ടാക്കരുതെന്നുമാണ് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. സാമ്പത്തിക വിഷമതകൾമൂലം ആരും വിവാഹം കഴിക്കാതിരിക്കുന്നില്ല. ഒരു സ്ത്രീ ഗർഭംധരിച്ചാൽ 6-ാം മാസം മുതൽ അവൾക്കു കൂടുതൽ ഭക്ഷ്യസാധനങ്ങൾ നൽകപ്പെടുന്നു. അങ്ങിനെവരുമ്പോൾ അവൾക്കു കൂടുതൽ പ്രവൃത്തിയോ രാത്രിജോലിയോ ചെയ്യേണ്ടതില്ല. പ്രസവത്തിനു മുമ്പ് 35 ദിവസവും പ്രസവാനന്തരം 42 ദിവസവും അവൾക്കു ശമ്പളത്തോടുകൂടി അവധി ലഭിക്കുന്നു. സാധാരണ ഒഴിവുദിവസങ്ങൾക്ക് ഇത് ബാധകമല്ല, കുട്ടിക്ക് മുലകൊടുക്കാനൊ ശുശ്രൂഷിക്കാനൊ സ്ത്രീക്ക് വയ്യെങ്കിൽ അതിന്റെ നോട്ടം മററുള്ള സ്ഥാപനങ്ങൾ ഏറെറടുത്തുകൊള്ളും. കുട്ടിയുടെ തള്ളക്ക് രാത്രിമാത്രം കുട്ടിയെ നോക്കുവാനെ സാധിക്കയുള്ളുവെങ്കിൽ അങ്ങിനെ ചെയ്യാം. ആഴ്ചയിൽ ഒരിക്കലെ സാധിക്കുകയുള്ളുവെങ്കിൽ അങ്ങിനെയുമാകാം.

## നികുതിചുമത്തൽ

തീരെ സന്താനമില്ലാത്തവർക്കും ഒന്നോ രണ്ടോ സന്താനങ്ങൾ മാത്രമുള്ളവർക്കും വകഭേദമനുസരിച്ച് നികുതി ചുമത്തുന്നുണ്ട്. ഇത് അധികവും പട്ടണത്തിലാണ്. സന്തതിയില്ലാത്ത ഒരു ആപ്പീസ്സ് ജോലിക്കാരന് തന്റെ വരുമാനത്തിൽ 6 ശതമാനം ഇങ്ങിനെയുള്ള നികുതി കൊടുക്കേണ്ടിവരുന്നു. എന്നാൽ സന്തതിയില്ലാത്ത ഒരു കൂട്ടുകൃഷിക്കാരനു കൊല്ലത്തിൽ 150 റൂബിളെ നികുതിയായി കൊടുക്കേണ്ടിവരുന്നുള്ളു. ഇതവർക്കു തുച്ഛമായ ഒരു സംഖ്യ മാത്രമാണ്. പട്ടണത്തിൽ ജനസംഖ്യ വർദ്ധിപ്പിക്കണമെന്ന ഉദ്ദേശ്യമാണ് ഇതിന്റെ അടിയിലുള്ളത്. ഈ നികുതിയെപ്പററി ജനങ്ങൾക്കിടയിൽ യാതൊരാക്ഷേപവുമില്ല.

## വിവാഹമോചനം

വിവാഹമോചന നിയമത്തിൽ മാററം വരുത്തിയതിൽ ചിലേടത്ത് അഭിപ്രായവ്യത്യാസമുണ്ട്. 1936

വരെ വിവാഹമോചനത്തിന് ദുഷ്കരമായ ചിലവ വന്നിരുന്നുള്ളു. മതിയായ കാരണമോ വ്യക്തിമാർ തമ്മിലുള്ള അന്വേഷണമോ കൂടാതെ വിവാഹമോചനം എളുപ്പത്തിൽ സാധിച്ചിരുന്നു. വിവാഹമോചനത്തിനു സമ്മതം കിട്ടിയാൽ ഉടനെ വേറെ വിവാഹം കഴിക്കാം. 1936-ലെ നിയമം വിവാഹമോചനത്തിൽ ചില ഭേദഗതികൾ വരുത്തി. അതിന് ചിലവു കൂടിവന്നു. ഒന്നിലധികം വിവാഹമോചനം നേടിയിട്ടുള്ളവർ ജനദൃഷ്ടിയിൽ അവഹേളിക്കപ്പെടാനും അവിശ്വസിക്കപ്പെടാനും തുടങ്ങി. അങ്ങിനെയുള്ള അസ്ഥിരചിത്തന്മാർ ജോലിക്ക് കൂടി കൊള്ളരുതാത്തവരെന്നു ഗണിക്കപ്പെട്ടുതുടങ്ങി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാർക്കിടയിൽ പെട്ടെന്നു വിവാഹമോചനക്കേസ്സുകൾ കുറഞ്ഞുതുടങ്ങി.

ഇപ്പോൾ ഒരു സ്ത്രീക്ക് തന്റെ ഭർത്താവിനെ വെടിയണമെങ്കിൽ വളരെ ബുദ്ധിമുട്ടുണ്ട്. പ്രധാനമായും രണ്ടു കോടതികളിൽ അവർ കയറിയിറങ്ങണം. ഒന്നാമത്തെ "ജനകീയകോടതി" അവരെ അന്യോന്യം യോജിപ്പിക്കാനുള്ള പരിശ്രമം നടത്തും. അപ്പീൽ വേണമെങ്കിൽ പിന്നെ ഡിസ്ട്രിക്ട് കോടതിയിൽ ബോധിപ്പിക്കാം. പക്ഷെ അവിടെ വക്കീൽമാർ വേണം. പണം ധാരാളം ചെലവുണ്ട്. ഡിസ്ട്രിക്ട് കോടതിയുടെ തീർപ്പ് ഗുണമല്ലെങ്കിൽ പിന്നെയും പല കോടതികൾ കയറിയിറങ്ങി സുപ്രീം കോടതിവരെ പോകണം. ഏതാണ്ട് 2500 റൂബിൾവരെ ഇതിനു ചിലവാകും. വക്കീൽഫീസ്സ് മുതലായ മററു ചിലവുകൾ വേറെ. കോടതി മററൊരു തീരുമാനമെടുക്കയാണെങ്കിൽ പിന്നെ ജനങ്ങളാണ് കാര്യം തീരുമാനിക്കാൻ. അങ്ങിനെയാകുമ്പോൾ പത്രങ്ങളിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കപ്പെടും. ഇങ്ങിനെ വരുമ്പോൾ ആസ്വാദ്യമല്ലാത്ത പത്രപ്രസിദ്ധീകരണങ്ങൾ പുറത്തു വരും. ഈ വക കുഴപ്പങ്ങൾ ക്ഷണിച്ചുവരുത്തുവാൻ അധികമാരും മിനക്കെടാറില്ല.

വിവാഹമോചനം സംബന്ധിച്ച് വ്യക്തമായ നിയമങ്ങളൊന്നുമില്ല. ഇത് വിവാഹമോചനക്കാർക്ക് വലിയ കുഴപ്പം വരുത്തിവെക്കുന്നുണ്ട്. കഴിഞ്ഞ ജൂലായിക്ക് ശേഷം വിവാഹമോചനക്കേസ്സുകൾതന്നെ ഉണ്ടായിട്ടില്ലെന്നു തോന്നുന്നു. വിവാഹമോചനം ആഗ്രഹിക്കുന്നവൻ ആ വിവരം പത്രത്തിൽ പരസ്യം ചെയ്യണം. അനാശാസ്യമായ ഇത്തരം പ്രസിദ്ധീകരണത്തെ അധികമാരും ഇഷ്ടപ്പെടുന്നില്ല.

'നിയമപരമല്ലാത്ത' (യഥാർത്ഥവിവാഹത്തിനു മുമ്പ് സ്ത്രീപുരുഷ ബന്ധത്തിലേർപ്പെട്ട) വിവാഹങ്ങൾ വളരെ വർദ്ധിച്ചിട്ടുണ്ട്. കല്യാണം കഴിക്കുന്നതിനു മുമ്പ് സ്ത്രീയും പുരുഷനും യോജിച്ചു കഴിയുകയും പിന്നെ അവർക്കിഷ്ടപ്പെടുമ്പോൾ നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്യുകയും സർവ്വസാധാരണമാണ്. ഈ സമ്പ്രദായത്തെ പ്രത്യേകിച്ചും ഇന്നത്തെ യുവജനങ്ങൾ, അതിലും പ്രത്യേകിച്ച് യുവതികൾ, ഇഷ്ടപ്പെടുന്നു.

ഗാർഹികബന്ധം, വിവാഹം മുതലായ കാര്യങ്ങളെ സംബന്ധിച്ചുള്ള ഈദൃശ നിയമങ്ങൾ സോവിയററ് ഗവർമ്മെണ്ട ജനങ്ങളുടെ മേൽ നിർബ്ബന്ധപൂർവ്വം ചുമത്തിയിട്ടുള്ളതല്ല. ജനങ്ങളുടെ ഇഷ്ടാനുസരണം ഗവർമ്മെണ്ട കാലാനുചിതമായി നിയമങ്ങൾ നടപ്പിലാക്കുന്നുവെന്നു മാത്രം. സോവിയററ് നാട്ടിലെ ജനങ്ങളുടെ സാമൂഹ്യജീവിതത്തിന്റെ പരിവർത്തനോന്മുഖമായ ഒരു പുതിയ ഘട്ടമത്രയാണ് ഇതു കുറിക്കുന്നത്. *

* ഇംഗ്ലീഷിൽനിന്നു.


# ഇന്ന്

എല്ലാവരും സമ്മതിക്കുന്നു, ജാതി മത തൊഴിൽ ഭേദമില്ലാതെ സകലക്കും അത്യാവശ്യമാണ് ഇൻഷ്വറൻസ് എന്ന്.

അധികവിവരങ്ങൾക്കാവശ്യപ്പെടുക:—

## കോച്ചിക്കാർ ബ്രദേർസ്, ലിമിററഡ്,

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറ്മാർ,

ദി ബോംബെ ലൈഫ് അഷ്വറൻസ് കമ്പനി, ലിമിററഡ്.,

പുതിയറ, കോഴിക്കോട്.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)

# പഴയ ഏടുകളിൽനിന്ന്

## രസകരമായ ചില യുദ്ധവിവരങ്ങൾ

കനകവും കാമിനിയുമാണ് പല കലഹങ്ങൾക്കും കാരണമെന്ന് കുഞ്ചൻ പറയുന്നു. ഭാരതയുദ്ധം കാമിനിമൂലം ഉത്ഭവിച്ചതാണ്. ദുര്യോധനന് സ്ഥലജലഭ്രമം നേരിട്ടപ്പോൾ പാഞ്ചാലിയിൽനിന്ന് പുറപ്പെട്ട പൊട്ടിച്ചിരിയാണ് മഹാഭാരതയുദ്ധത്തിന്റെ കാരണങ്ങളിൽ പ്രധാനം. എന്നാൽ ഇതിനേക്കാൾ നിസ്സാരങ്ങളായ പല കാരണങ്ങളാലും അനേകം യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം ചില യുദ്ധങ്ങളുടെ ചിഹ്നങ്ങളാണ് ഈ ലേഖനവിഷയം.

ഒരു തപാൽ മുദ്രമൂലം പണ്ട് ഒരു വമ്പിച്ച യുദ്ധമുണ്ടായി. 1900-ൽ ഡൊമിനിക്ക് സ്റ്റേറ്റിന്റെ പടം അടങ്ങിയ ഒരു തപാൽമുദ്ര ആ രാജ്യത്ത് നടപ്പിൽ വരുത്തിയിരുന്നു. അതിൽ അബദ്ധത്തിൽ ഹായിനി രാജ്യത്തിന്റെ അതിർത്തികൂടി ഉൾപ്പെട്ടുപോയിരുന്നു. ആ സംഗതിക്ക് ആ രണ്ടു രാജ്യങ്ങൾതമ്മിൽ ഒരു ഭയങ്കര സമരം നടന്നു. ആ സ്റ്റാമ്പ് ദുർബ്ബലപ്പെടുത്തുന്നതുവരെ യുദ്ധം നിലനിന്നു.

ലൂയി പതിനാലാമന്റെ കാലത്ത് ഒരു ജാലകത്തിന്റെ അഭംഗിമൂലം യൂറോപ്പിൽ ഒരു വമ്പിച്ച യുദ്ധമുണ്ടായി. ഫ്രാൻസിലെ മന്ത്രി ലൂവായിസ്സ് പണിയിച്ച രമ്യഹർമ്മ്യം സന്ദർശിച്ച ലൂയിരാജാവ് ഒരു ജാലകത്തിന്റെ മേൽഭാഗം കീഴ്ഭാഗത്തെക്കാൾ വീതി അധികമായതുകൊണ്ടു [illegible] അഭംഗിയെ മന്ത്രിക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തു. രാജാവിന്റെ അസൂയയിൽനിന്ന് ജന്മമെടുത്ത അഭിപ്രായപ്രകടനമാണതെന്ന് തെറ്റിദ്ധരിച്ച മന്ത്രി കോപാകുലനായി രാജാവിന്റെ നിരൂപണത്തെ നിഷേധിക്കുകയാണുണ്ടായത്. ഉടനെ രാജാവ് ജാലകം അളന്നുനോക്കിയപ്പോൾ തന്റെ അഭിപ്രായത്തിൽ പിശകില്ലെന്ന് തെളിഞ്ഞു. താൻ കാരണസഹിതം പുറപ്പെടുവിച്ച അഭിപ്രായത്തെ ശരിവെക്കാതെ സകോപം നിഷേധിച്ച മന്ത്രിയെ ഒരു പാഠം പഠിപ്പിക്കുവാൻ രാജാവു തീർച്ചയാക്കി. അന്നുതന്നെ മന്ത്രിയെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടു. മന്ത്രി വിട്ടില്ല. ഉടനെ മററു രാജ്യങ്ങളുടെ സഹായത്തോടും സഹകരണത്തോടുംകൂടി മന്ത്രി ഒരു സൈന്യശേഖരംചെയ്തു ഫ്രാൻസിൽ പ്രവേശിച്ചു യുദ്ധംതുടങ്ങി. 9 കൊല്ലം നിലനിന്ന ഈ യുദ്ധത്തിന്നാണ് ചരിത്രകാരന്മാർ "നവവത്സരയുദ്ധം" എന്ന് പേരിട്ടത്. 1697-ൽ റിസ്‌വിക്കിൽവെച്ച് ഒരു ഉടമ്പടി ഉണ്ടായശേഷമാണ് ഈ യുദ്ധം അവസാനിച്ചത്.

ഒരു തേയിലപ്പാത്രം ഉടഞ്ഞുപോയതുകൊണ്ട് ചീനയിൽ പണ്ട് ഒരു മഹായുദ്ധമുണ്ടായി. അവിടുത്തെ ഒരു ഇടപ്രഭു ഒരു തേയിലപ്പാത്രത്തിന് വലിയ പ്രാധാന്യം കല്പിച്ചിരുന്നു. അതിന്മേൽ ഒരു കലയുണ്ടാകുകയോ പൊടി വീഴുകയോ ചെയ്യുന്നതുപോലും പ്രഭുവിന് മനോവേദന ഉളവാക്കുമായിരുന്നു. നിർഭാഗ്യവശാൽ പ്രഭുമന്ദിരത്തിലെ പാത്രം സൂക്ഷിപ്പുകാരനും ഏതാനും കവർച്ചക്കാരും തമ്മിലുണ്ടായ ലഹളയിൽ ആ വിശിഷ്ടഭാജനം ഉടഞ്ഞുപോയി. അതോടുകൂടി പ്രഭുവിന്റെ ഹൃദയവും തകർന്നപോലെയായി. അദ്ദേഹം ചക്രവർത്തിയെ മുഖം കാണിച്ചു കവർച്ചക്കാരെ അടക്കാതെ സമാധാനപരിപാലനം സുസാധ്യമല്ലെന്ന് അറിയിച്ചു. ചക്രവർത്തി സൈന്യശേഖരം ചെയ്തു കവർച്ചക്കാരുമായി യുദ്ധമാരംഭിച്ചു. "ഈ തേയിലപ്പാത്ര യുദ്ധം" ഒരു നൂറാണ്ട് കാലം നിലനിന്നു. 10 ലക്ഷം ഭടന്മാർ മരിച്ചു! നിസ്സീമമായ ധനനഷ്ടമുണ്ടായി!

ഒരു രാജകുമാരന്റെ നാമകരണത്തെസ്സംബന്ധിച്ചുണ്ടായ തർക്കത്തിൽ ഫ്രാൻസിസ് ഒന്നാമന്റെ ഭരണകാലത്ത്, ഫ്രാൻസിൽ ഒരു വമ്പിച്ച യുദ്ധമുണ്ടായി. ഫ്രാൻസിലെ രാജാവിന് സന്താനമുണ്ടായാൽ സഖ്യരാജാക്കന്മാരിൽ ഒരാളെ കുട്ടിക്ക് നാമകരണം ചെയ്യാനും തലതൊട്ടപ്പനായി നില്ക്കാനും ക്ഷണിക്കുന്ന ഒരു സമ്പ്രദായം അന്നുണ്ടായിരുന്നു. ഫ്രാൻസിസ് രാജാവിന് കുട്ടി ജനിച്ചപ്പോൾ ഒരവസരത്തിൽ അദ്ദേഹം സ്വിററ്സർലണ്ടിലെ രാജാവിനെയാണ് ഈ കർമ്മനിർവ്വഹണാർത്ഥം ക്ഷണിച്ചത്, അദ്ദേഹം കുട്ടിക്കു ശാൾക് എന്ന് നാമകരണംചെയ്യാൻ തീർച്ചയാക്കി. എന്നാൽ ഫ്രാൻസിസ് ആ പേർ സ്വീകരിച്ചില്ല. തന്നിമിത്തം സ്വിററ്സർലണ്ട് രാജാവ് നാമകരണാഘോഷത്തിൽ പങ്കുകൊണ്ടില്ല. നേരെമറിച്ച് ഫ്രാൻസുമായി ഒരു യുദ്ധം തുടങ്ങുകയാണുണ്ടായത്. ആ യുദ്ധം ഒരു കൊല്ലംകൊണ്ട് അവസാനിച്ചു.

തുർക്കി മന്ത്രിസഭയിലെ ഒരു മെമ്പറുടെ താടിയുടെ അതിദൈർഘ്യത്തെ പുച്ഛരസത്തിൽ വീക്ഷിച്ചുകൊണ്ടു ഒരു വെനീസുകാരൻ പൊട്ടിച്ചിരിച്ചതിനാൽ തുർക്കിയും വെനീസും തമ്മിൽ ഒരു യുദ്ധത്തിലേർപ്പെടേണ്ടിവന്ന കഥയും ഇവിടെ പ്രസ്താവ്യമാണ്.

600 കൊല്ലം മുമ്പ് ബോളോഞ്ഞാവിലെ ഒരു പൊതുകിണററിലെ ഉപയോഗത്തിന്നുവെച്ച തൊട്ടി ആരോ മോഷ്ടിച്ചതു മൂലം യൂറോപ്പിൽ ഒരു യുദ്ധം ഉത്ഭവിക്കുകയും അതിൽ യൂറോപ്പിലെ പകുതി രാജ്യങ്ങൾ സംബന്ധിക്കേണ്ടിവരികയുംചെയ്തുവത്രെ.

ഇങ്ങിനെ നിസ്സാരകാരണങ്ങളാൽ ഉത്ഭവിച്ച് ലക്ഷോപലക്ഷം ജനങ്ങളെ ബലികഴിപ്പിച്ച വേറെയും യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്, വിസ്തരഭയത്താൽ അവയെപ്പററി പ്രസ്താവിക്കുന്നില്ല.

(കെ. ആർ)

# ഇതിനു് നിങ്ങൾ സമ്മതിക്കരുതെ

എന്നാൽ അനാവശ്യമായി ഓരോ സാധനങ്ങൾ വാങ്ങുന്ന ഘട്ടങ്ങളിലെല്ലാം നിങ്ങൾ അതുതന്നെയാണു് ചെയ്യുന്നതു്. മിക്കവാറും സാമാനങ്ങൾക്കിപ്പോൾ അന്തമില്ലാത്ത വിലയാണു്. യഥാർത്ഥത്തിൽ നിങ്ങൾക്കാവശ്യമില്ലാത്ത എന്തു് സാധനം വാങ്ങുമ്പോഴും നിങ്ങൾക്കു് പണം നഷ്ടപ്പെടുന്നു. കുറെ വിവേകത്തോടുകൂടി പ്രവൃത്തിപ്പിൻ. അത്യാവശ്യമാണെന്നു തോന്നുന്ന സാധനങ്ങളല്ലാതെ മറ്റൊന്നും വാങ്ങരുതെ. യുദ്ധകാലത്തെ സാമാനവില നോക്കിയാൽ നിങ്ങളുടെ പണത്തിൻെറ വില നിസ്സാരമാണു്.

ആഭരണങ്ങൾ, ഭൂമി, കെട്ടിടങ്ങൾ, കച്ചവട സാമാനങ്ങൾ, സംസ്കരിച്ച സാമാനങ്ങൾ ഇവയെല്ലാം വാങ്ങി പണം ചെലവുചെയ്യുന്നതു് പണത്തിൻെറ വില കെടുക്കുകയാകുന്നു. അവയുടെ വില എപ്പോഴും ഭേദപ്പെട്ടു് വരുന്നവയാണു്. പോരെങ്കിൽ ഇന്നു് സാമാനങ്ങൾക്കുള്ള വിലയുടെ ഗതി കീഴ്പോട്ടാണു് മേല്പോട്ടല്ല.

- ★ ഇൻഷ്വറൻസ്,
- ★ കോപ്പറേററീവ് സൊസൈററി,
- ★ സേവിങ്ങ്സ് ബാങ്ക്,
- ★ പോസ്റ്റാപ്പീസ് സേവിങ്ങ്സ് ബാങ്ക്
- ★ ഗവമ്മെൺ്ട് കടങ്ങൾ,
- ★ നാഷനൽ സേവിങ്ങ്സ് സട്ടിഫിക്കററുകൾ.

ഇവയെല്ലാം സുരക്ഷിതമായ സർട്ടിഫിക്കററുകളാണു്.

സുരക്ഷിതമായ ഒരു സൂക്ഷിപ്പിൽ നിന്നു് അനുഭവം കുറച്ചാണെങ്കിലും മുതലിനു് കേടില്ല. യുദ്ധകാലത്തു് വേണ്ടതും അതുതന്നെയാണു്.

## നിങ്ങളാൽ കഴിയുന്നതെല്ലാം സൂക്ഷിക്കുവിൻ

## സൂക്ഷിക്കുന്നതെല്ലാം ന്യായമായി നിക്ഷേപിക്കുവിൻ

**ദേശീയസമരനിര ചെയ്യുന്ന ഒരു ദേശീയാഭ്യർത്ഥന**

AAA-1112-ML

# നഹാസ് പാഷയുടെ മന്ത്രിപദം

വർഗ്ഗീസ് കളത്തിൽ എം. എ.

ഈജിപ്റ്റിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിന് ബ്രിട്ടനെ അനുവദിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള അടിസ്ഥാനതത്വമനുസരിച്ചാണ് മന്ത്രിസഭ രൂപീകരിക്കുവാൻ താൻ സമ്മതിച്ചതെന്ന് 1942-ൽ പ്രധാന മന്ത്രിപദം കൈയ്യേൽക്കുന്നതിനു മുമ്പായി നഹാസ്പാഷ ബ്രിട്ടീഷ് സ്ഥാനാപതിയെ അറിയിച്ചു.

നയോപായചതുരന്മാരായ ബ്രിട്ടീഷ് രാഷ്ട്രതന്ത്രവിശാരദന്മാർക്ക് ഈ കത്തിന്റെ അർത്ഥം അന്നുതന്നെ വേണ്ടവണ്ണം മനസ്സിലായിട്ടുണ്ടെന്നുള്ളതിന് സംശയമില്ല. അന്നുമുതൽ ബ്രിട്ടീഷുകാർക്ക് ഇതൊരു ചിന്താവിഷയമായിത്തീർന്നിരിക്കണം. എങ്കിലും അക്കാലത്തുതന്നെ ബ്രിട്ടീഷ് സ്ഥാനാപതി പ്രസ്തുത കത്തിന് ശാന്തമായ രീതിയിൽ അർത്ഥഗർഭമായ ഒരു മറുപടി നൽകി. ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതെതന്നെ സഖ്യതയിലിരിക്കുന്ന ഒരു സ്വതന്ത്രരാജ്യവുമായുള്ള ആത്മാർത്ഥമായ സഹകരണംവഴിയായി ആംഗ്ലോ-ഈജിപ്ഷ്യൻസന്ധി നടപ്പിൽ വരുത്തണമെന്നുള്ളതാണ് ബ്രിട്ടീഷ് നയമെന്ന് സ്ഥാനാപതിയുടെ മറുപടിയിൽ പറഞ്ഞിരുന്നു.

സ്ഥാനാപതിയുടെ വാക്ക് ഇതുവരെ അക്ഷരംപ്രതി പാലിച്ചു. ഈ വിഷയകമായി നഹാസ്പാഷ സങ്കടമോ ആക്ഷേപമോ പുറപ്പെടുവിച്ചിട്ടില്ല.

എന്നാൽ ഈജിപ്റ്റിന്റെ ഭാവിയെ സാരമായി സ്പർശിക്കുന്ന പല പ്രസ്താവനകളും സംഭവങ്ങളും ഈ അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്.

"ആസാദ് മുസ്ലിം റേഡിയോ" എന്ന പേരിനാൽ അറിയപ്പെടുന്ന പ്രക്ഷേപിണി ജർമ്മൻ യുദ്ധപ്രചരണവകുപ്പിലെ ഒരു പ്രധാന ഘടകമാണ്. പ്രസ്തുത റേഡിയോ നഹാസ്പാഷയെക്കുറിച്ചു ഒക്ടോബർ 3-ാംനു ഇപ്രകാരം പ്രസ്താവിച്ചു:—"ഇന്ന് അയാൾ ബ്രിട്ടീഷുകാരുടെ താളം അനുസരിച്ചു തുള്ളുകയാണ്. ഏററവും അടുത്തകാലത്തു നിർമ്മിച്ചതായ ആംഗ്ലോ-ഈജിപ്ഷ്യൻസന്ധിക്ക് സ്ഥിരപ്രതിഷ്ഠ നൽകിയതു് അയാളാണ്. എന്നിരുന്നാലും പരേതനായ സഗ്ലൂൽപാഷയുടെ പിൻഗാമിയാണ് താനെന്ന് അയാൾ അഭിമാനിക്കുന്നു" ഇപ്രകാരം നഹാസ്പാഷയെ ബ്രിട്ടീഷ് മിത്രമായി മുദ്രയടിച്ചു സ്വാതന്ത്ര്യേച്ഛുക്കളായ ഈജിപ്തുകാരുടെ അപ്രീതിക്ക് അദ്ദേഹത്തെ പാത്രമാക്കുവാൻ ശത്രുക്കൾ എല്ലായ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഉദ്യോഗം നഷ്ടപ്പെട്ടപ്പോൾ നഹാസ്പാഷ ബ്രിട്ടീഷ് വിരോധിയാണെന്ന് പറഞ്ഞു അദ്ദേഹത്തെ അവർ പുകഴ്ത്തിത്തുടങ്ങി.

നഹാസ്പാഷയുടെ പ്രത്യേകമായ ഉത്സാഹത്തിലാണ് അറബിസമ്മേളനം നടന്നത്. അറബിരാജ്യങ്ങളുടെ ഭാവിയെക്കുറിച്ച് ആലോചിക്കണമെന്നുള്ളതായിരുന്നു പ്രസ്തുത സമ്മേളനത്തിന്റെ ഉദ്ദേശം. നഹാസിന്റെ ഭരണകാലത്തെ ചരിത്രപ്രധാനമായ സംഭവമാണത്.

പലസ്തീൻ പ്രശ്നം അറബി സമ്മേളനത്തിന് ആലോചനാവിഷയമായിത്തീർന്നു. പലസ്തീൻ അറബിരാജ്യങ്ങളുടെ ഒരു അവിഭാജ്യഘടകമാണെന്ന് ആറു സ്വതന്ത്ര അറബിരാജ്യങ്ങളിലെ പ്രതിനിധികൾ സമ്മേളനത്തിൽവെച്ചു തീരുമാനിച്ചു. ബ്രിട്ടീഷുകാർക്കോ അമേരിക്കക്കാർക്കോ, യഹൂദന്മാർക്കോ പലസ്തീൻരാജ്യത്തെ സംബന്ധിച്ചു ഒരു തീരുമാനം ചെയ്യുവാൻ അധികാരമില്ലെന്ന് ഇതിൽനിന്നർത്ഥമാകുന്നു. എല്ലാ അറബിരാജ്യങ്ങളുടെയും ഐകകണ്ഠ്യേനയുള്ള സമ്മതം കൂടാതെ ഏതെങ്കിലും ഒരു പ്രത്യേക അറബിരാജ്യത്തിനു പലസ്തീനെ സംബന്ധിച്ചു സ്വതന്ത്രമായ ഒരു നിശ്ചയം ചെയ്യുവാൻ സാദ്ധ്യമല്ലെന്നും വന്നുകൂടി.

മേൽ പ്രസ്താവിച്ച തീരുമാനത്തിൽ അറബിരാജ്യങ്ങൾ എത്തിച്ചേരുമെന്ന് ആരുംതന്നെ ഊഹിച്ചിരുന്നില്ല. സമ്മേളനം കഴിയുന്നതിനുമുമ്പ് പ്രസ്തുത തീരുമാനം അസാദ്ധ്യമാണെന്നു താൻ വിചാരിച്ചിരുന്നുവെന്ന് ഇറാക്കിലെ പ്രധാനമന്ത്രിയായിരുന്ന നൂറി സയ്യദ്പാഷ 1944 ഒക്ടോബർ 7-ാംനു പ്രസ്താവിച്ചു. അറബിരാജ്യങ്ങളുടെ ഭാവിയെക്കുറിച്ചു ആലോചിക്കുവാൻ കൂടിയ സമ്മേളനം വിജയത്തിൽ കലാശിക്കുമെന്ന് തോന്നിയപ്പോൾ ബ്രിട്ടീഷുകാർ സമ്മേളനത്തിലേക്കെറിഞ്ഞുകൊടുത്ത പ്രശ്നമാണ് പലസ്തീൻ കാര്യമെന്ന് സെപ്റ്റമ്പർ 19—20-ൽ ജർമ്മനിയിലെ ആസാദ് മുസ്ലിം റേഡിയോ പ്രക്ഷേപണം ചെയ്തു. ജർമ്മൻകാർപോലും അത്ര വിഷമപ്രശ്നമായി വിചാരിച്ചിരുന്ന സംഗതിയെക്കുറിച്ച് അറബിനേതാക്കന്മാർ ഏകകണ്ഠമായ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നുവെന്നുള്ള വാർത്തയെ അറബിലോകം സഹർഷം സ്വാഗതം ചെയ്തു. ഖാദെ ആസം ജിന്നാസാഹിബുപോലും നഹാസ്പാഷയുടെ പരിശ്രമത്തിന്റെ വിജയത്തിൽ അഭിനന്ദിച്ചുകൊണ്ട് സന്ദേശമയച്ചു.

എന്തിനധികം പറയുന്നു! അഭിനന്ദനസന്ദേശങ്ങളെല്ലാം കൈപ്പററിക്കൊണ്ടിരിക്കുന്ന വേളയിൽ ത

ന്നെ ഈജിപ്റ്റിലെ ഫാറൂക്ക് രാജാവ്, നഹാസ്പാഷയെ മന്ത്രിപദത്തിൽനിന്ന് നിഷ്കാസനം ചെയ്തു. നിശ്ശബ്ദമായി ലോകം ഈ സംഭവത്തെക്കുറിച്ചു ചിന്തിച്ചു. ആഭ്യന്തരഭരണത്തിൽ കാണിച്ച ശേഷിക്കുറവായിരിക്കുമോ ഇതിനു കാരണം? യുദ്ധപരിതസ്ഥിതികളിൽ എല്ലാ രാജ്യങ്ങളിലും ഉണ്ടായിട്ടുള്ളതുപോലെയുള്ള പ്രയാസങ്ങളല്ലാതെ ഈജിപ്റ്റിൽ പ്രത്യേകമായി യാതൊരു ശോച്യാവസ്ഥയും ഇപ്പോൾ ഉണ്ടായിട്ടില്ല. അതിനാൽ അദ്ദേഹത്തിന്റെ ഭരണനൈപുണ്യത്തെക്കുറിച്ചുള്ള സംശയം അടിസ്ഥാനരഹിതമാണ്. ബ്രിട്ടീഷുകാരുമായി വല്ല അഭിപ്രായവ്യത്യാസവുമുണ്ടായിട്ടുണ്ടോ? അഭിപ്രായവ്യത്യാസമുണ്ടായാൽതന്നെ, അവർ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ല; ഇടപെട്ടിട്ടുമില്ല. ഈ സംഭവവികാസങ്ങൾനിമിത്തം ആംഗ്ലോ-ഈജിപ്ഷ്യൻ സന്ധിക്ക് യാതൊരു വിഘാതവും സംഭവിച്ചിട്ടില്ല.

എല്ലാവരെയും വിസ്മയപരതന്ത്രരാക്കിയ ഈ സംരംഭത്തിന് ഉത്തരവാദിത്വം വഹിക്കേണ്ടതു ഈജിപ്ഷ്യൻ ഭരണഘടനയാണ്. ഭരണശക്തി ഉപയോഗിക്കുവാനുള്ള പരമാധികാരം രാജാവിനുള്ളതാണ്. സെനററ് മെമ്പർമാരിൽ അഞ്ചിൽ മൂന്നു ഭാഗവും രാജാവിനാൽ നിയമിക്കപ്പെടുന്നു. രാജാവിന് ഇഷ്ടമില്ലാതായപ്പോൾ പ്രധാനമന്ത്രിയെ പിരിച്ചുവിട്ടുവെന്നല്ലാതെ സാധാരണക്കാർക്ക് കൂടുതലായി ഒന്നുംതന്നെ മനസ്സിലാക്കുവാൻ നിർവ്വാഹമില്ല.

മെഹർപാഷയുടെ കീഴിൽ സമാരംഭിച്ചിരിക്കുന്ന പുതിയ ഗവൺമെൻറിന് വഫ്ഡിസ്റ്റ് പക്ഷത്തിന്റെ എതിർപ്പ് അസഹ്യമായിത്തീർന്നേക്കാം. വഫ്ഡിസ്റ്റ് പക്ഷത്തിനാണ് മന്ത്രിസഭയിൽ ഭൂരിപക്ഷം. പ്രസ്തുത പക്ഷത്തിന്റെ നേതാവ് നഹാസ്പാഷയായിരുന്നല്ലോ.

നഹാസ്പാഷയുടെ സ്ഥാനനഷ്ടം ഈജിപ്റ്റിനെ മാത്രമല്ല അറബിരാജ്യങ്ങൾക്ക് പൊതുവെ ഒരു ചിന്താവിഷയമായിത്തീർന്നു. അദ്ദേഹത്തെ പ്രധാനമന്ത്രിപദത്തിൽനിന്ന് നീക്കംചെയ്തു കഴിഞ്ഞപ്പോൾ സിറിയയിലെ പ്രധാനമന്ത്രി എൻ. ജബ്രി ബെയ് രാജിവെച്ചു. ലെബാനോനിലെ പ്രധാനമന്ത്രി എൻ. സുലഹ് ബെയ് രാജിപത്രം സമർപ്പിച്ചുവെങ്കിലും, നിയമസഭയിലെ ഭൂരിപക്ഷം അദ്ദേഹത്തിന്റെ രാജിയെ അനുകൂലിച്ചില്ല. ട്രാൻസ്ജോർഡനിലെ പ്രധാനമന്ത്രി അബ്ദുൽഹുദാപാഷയും രാജിവെച്ചു.

അറബിരാജ്യങ്ങളുടെ ഭാവിയെക്കുറിച്ച് നിശ്ചയിക്കുവാൻ വിജയപൂർവ്വം ഒരു സമ്മേളനം നടത്തിയ നേതാവിനെ സ്ഥാനഭ്രഷ്ടനാക്കിയത്, പ്രസ്തുത സംരംഭത്തിൽ അദ്ദേഹത്തിനോടു സഹകരിച്ചുപ്രവർത്തിച്ച അറബിനേതാക്കന്മാർക്ക് ഒട്ടുംതന്നെ രസിച്ചിട്ടില്ലെന്ന് ന്യായമായി അനുമാനിക്കാവുന്നതാണ്. അറബിരാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ നഹാസിന്റെ സ്ഥാനനഷ്ടത്തിന്റെ പ്രത്യാഘാതങ്ങളാണോ എന്നും സംശയിക്കാവുന്നതാണ്.

അഹമ്മദ് മെഹർപാഷയെ രാജാവിന്റെ വെറും കളിപ്പാട്ടമായി വിചാരിക്കുന്നതു അബദ്ധമായിരിക്കും. 1924-ൽ സഗ്‌ലൂൽപാഷയുടെ വഫ്ഡിസ്റ്റ് പക്ഷ ഭരണകാലത്തുതന്നെ രാഷ്ട്രീയലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ച ഒരു നേതാവാണ് അഹമ്മദ് മെഹർപാഷ. 1936-ൽ വഫ്ഡിസ്റ്റ് പാർട്ടി നേതാവായ നഹാസ്പാഷയുമായുണ്ടായ അഭിപ്രായവ്യത്യാസം നിമിത്തം പാർട്ടിയിൽനിന്ന് അഹമ്മദ് മെഹർപാഷ രാജിവച്ച് സാദിസ്റ്റ് പാർട്ടിയെന്നപേരിൽ സ്വനേതൃത്വത്തിൽ ഒരു രാഷ്ട്രീയകക്ഷിയുണ്ടാക്കി. 1939-ൽ ഇദ്ദേഹം അലി മെഹർപാഷയുടെ മന്ത്രിസഭയിൽ ഡെപ്യൂട്ടി ചേംബറിന്റെ പ്രസിഡണ്ടായിരുന്നു. ഹസ്സൻ സബ്രി പാഷയുടെയും ഹുസ്സയിൻ സറിപാഷയുടെയും മന്ത്രിസഭയുടെ കാലത്തു 1942 വരെ അദ്ദേഹം ആ നിലയിൽതന്നെ ജോലിനോക്കി. 1942-ൽ വഫ്ഡിസ്റ്റു പാർട്ടി സുശക്തമായി. നഹാസ്പാഷ മന്ത്രിപദം സ്വീകരിച്ചു. സഖ്യപക്ഷത്തോടനുകൂലിച്ചുനിന്നുകൊണ്ട് സമരം നടത്തുവാൻ ഈജിപ്റ്റ് ഗവൺമെന്റിനെ മെഹർപാഷ പ്രേരിപ്പിച്ചുവെന്നു പറയപ്പെടുന്നു. യൂറോപ്പിൽ മാത്രമല്ല പസിഫിക്കിലും സഖ്യവിജയമുണ്ടാകുവാൻ തക്കവണ്ണം ഈജിപ്റ്റ് സർവ്വ കഴിവുകളും പ്രയോഗിക്കുന്നതാണെന്ന് അദ്ദേഹം ഉദ്യോഗം സ്വീകരിച്ച ഉടനെതന്നെ പ്രസ്താവിക്കയുണ്ടായി.

Neo Kerala National Hotel
320 Waltax Road, P. T. Madras.
സെണ്ട്റൽ സ്റ്റേഷന്നടുത്ത് എലക്ടിക്ക് ഫിററിങ്സോടുകൂടിയ ഒന്നാന്തരം മലയാളിഹോട്ടൽ. മിതമായ ചാർജ്ജ്. നിങ്ങളുടെ മദിരാശി യാത്രയിൽ ഞങ്ങളെ ഒന്നു സന്ദർശിക്കുക.

# അമ്പിളിയമ്മാമന്റെ രഹസ്യം!

(ലോകാവലോകി)

## ചന്ദ്രനിൽ മനുഷ്യന്മാരുണ്ടെന്ന്!

ഭൂഗോളത്തിലെന്നപോലെ ചന്ദ്രഗോളത്തിലും മനുഷ്യന്മാർ അധിവസിക്കുന്നുണ്ടാവണമെന്നു ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടുതുടങ്ങീട്ടു കാലം കുറച്ചായി. സുപ്രസിദ്ധ ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ എച്ച്. ജി. വെൽസ് ഈ അഭിപ്രായക്കാരിൽപെട്ട ഒരാളാണ്. ചന്ദ്രൻ ഒരു കാലത്തു ഭൂമിയുടെ ഒരു ഭാഗമായിരുന്നുവെന്നും കാലാന്തരത്തിൽ ഛിന്നിച്ചുപോയതാണെന്നും ആണു ഇവർ പറയുന്നതു. അക്കാലത്തു ഭൂമിയിലേതുപോലുള്ള കാലാവസ്ഥയും ജന്തുവർഗ്ഗങ്ങളും തന്നെയായിരുന്നുവത്രേ ചന്ദ്രനിലും. എന്നാൽ ഇപ്പോൾ സാധാരണയായി സ്വീകരിച്ചുവന്നിട്ടുള്ള അഭിപ്രായപ്രകാരം അവിടെയുള്ള കാലാവസ്ഥ മനുഷ്യനോ മററു ജന്തുക്കൾക്കോ ജീവിച്ചിരിക്കുവാൻ സാധിക്കാത്തവിധത്തിലുള്ളതാണ്. ചിലപ്പോൾ ചൂടു അത്രക്കു ഉഗ്രവും മററു ചിലപ്പോൾ ശൈത്യം അത്രക്കു കഠിനവുമാണ്. എന്നാൽ ഇതു ഉപരിതലത്തിലാണ്. അന്തർഭാഗത്തു ഗുഹാവസതികൾ ഉണ്ടാക്കി ശീതോഷ്ണസ്ഥിതിയെ മിതപ്പെടുത്തി പ്രാണവായുവും ജലവും മററും ശേഖരിച്ചു ചില കൂട്ടർ പാർക്കുന്നുണ്ടായിരിക്കുകയില്ലേ, എന്നാണ് ഇപ്പോഴത്തെ സംശയം. ഉപരിതലത്തു കാലാവസ്ഥ പ്രതികൂലമായിത്തുടങ്ങിയതു വളരെ സഹസ്രാബ്ദങ്ങൾ കഴിഞ്ഞതോടുകൂടിയാകയാൽ, കാലം കഴിയുന്തോറും ജനങ്ങൾ അന്തർഭാഗത്തേക്കു പ്രവേശിച്ചുതുടങ്ങീട്ടുണ്ടായിരിക്കയില്ലേ? എന്തുകൊണ്ടു ഉണ്ടായിക്കൂടാ? ധ്രുവപ്രദേശങ്ങളിൽ മഞ്ഞിൻകട്ടകൾക്കിടയിലല്ലേ "എസ്കിമോ" വർഗ്ഗക്കാർ ജീവിച്ചുവരുന്നതു? ഭൂമിയുടെ അടിയിൽ മനുഷ്യൻ യന്ത്രശാല നടത്തുകയും, തീവണ്ടിയോടിക്കുകയും മാഗിനോക്കോട്ടയെപോലുള്ള കോട്ടകൾ കെട്ടി അധിവാസംചെയ്യുകയും ചെയ്യുന്നില്ലേ? എന്തുകൊണ്ടു ചന്ദ്രന്റെ അന്തർഭാഗത്തും ആയിക്കൂടാ? ഇതൊക്കെ ഭാവിശാസ്ത്രകാരന്മാരുടെ ചിന്തയ്ക്കും ഗവേഷണങ്ങൾക്കും ഉള്ള സംഗതികളാണ്.

## ചന്ദ്രനിലെ "ലാബറട്ടറി"

ചന്ദ്രനിൽ സാധാരണക്കാരായ മനുഷ്യർ മാത്രമല്ല, ഗവേഷണപരീക്ഷണങ്ങൾ നടത്തുന്ന ശാസ്ത്രകാരന്മാരുംകൂടിയുണ്ടെന്നുള്ളതിന്നു ലക്ഷണമുണ്ടത്രേ! ചന്ദ്രഗോളത്തിന്റെ മദ്ധ്യത്തിൽ 16,000 അടി ആഴമുള്ളതും വിശാലവും ആയ ഒരു വമ്പിച്ച കന്ദരമുണ്ടുപോൽ. ഇതിന്നു "ടൈക്കോ" എന്നാണു പേർ നൽകിയിരിക്കുന്നതു—ചന്ദ്രനിലെ ശാസ്ത്രജ്ഞന്മാരല്ല, നമ്മുടെ ഭൂമിയിലെ ശാസ്ത്രജ്ഞന്മാർ! ഇതിന്റെ മദ്ധ്യത്തിലായി 5000 അടി ഉയരത്തോളം പൊങ്ങിക്കിടക്കുന്ന ഒരു പർവ്വതമുണ്ട്. ഈ പർവ്വതത്തിന്റെ ഉപരിഭാഗത്തുനിന്നു കൂടെക്കൂടെ ചുവപ്പ് രശ്മികൾ പ്രകാശിച്ചുകാണുന്നുണ്ട്. ഇതിന്റെ കാരണം ഇതുവരെ മനസ്സിലായിട്ടില്ലെങ്കിലും, അതു അവിടെ പ്രവർത്തിക്കുന്ന ഒരു വിദ്യുച്ഛക്തിപരീക്ഷണശാലയിൽനിന്നു പുറപ്പെടുന്നതായിരിക്കേണമെന്നാണ് ഒരഭിപ്രായം—അതു പരീക്ഷണശാലയിലെ

ശാസ്ത്രീയഗവേഷകന്മാർ അയക്കുന്ന 'സിഗ്നൽ' (അടയാളം) ആയിരിക്കാം.

## ചന്ദ്രനിലെ കളങ്കം

ചന്ദ്രനിലെ കളങ്കം ശാസ്ത്രകാരന്മാർക്കു ഇതുവരെ തീരുമാനം വരുത്തുവാൻ കഴിയാത്ത ഒരു വിഷമപ്രശ്നമായിട്ടാണിരിക്കുന്നതു. പഴയ സാഹിത്യകാരന്മാർ അതു ചന്ദ്രൻ ധരിക്കുന്ന മാനിൻെറ അടയാളമാണെന്നും മുയലിൻെറ അടയാളമാണെന്നും മററും പറഞ്ഞു ചന്ദ്രനു ഏണാങ്കൻ, ശശാങ്കൻ എന്നിങ്ങിനെ പേർ നൽകിയിട്ടുണ്ടല്ലോ. കൂടാതെ കുട്ടികൾക്കു "അമ്പിളിയമ്മാമ"നെ കാണിച്ചുകൊടുമ്പോൾ "തമ്പാൻെറ കത്തെക്കൊമ്പാമ്പുരിയെ" പ്പററിയും മുത്തശ്ശിമാർ പറയുന്നതു നാം കേൾക്കാറുണ്ടല്ലോ. എന്നാൽ ചന്ദ്രൻ ഒരു ജീവൽസ്വരൂപമുള്ള വ്യക്തിയല്ലെന്നും, പ്രത്യുത ഒരു ജ്യോതിർഗ്ഗോളമാണെന്നും വിവരിച്ചുകാട്ടുന്ന ആധുനികശാസ്ത്രപ്രകാരം ഇവയെല്ലാം കേവലം കവിസങ്കല്പങ്ങൾമാത്രമാണ്. മേല്പറഞ്ഞ സംഗതികളിൽനിന്നുതന്നെ ഇതു വ്യക്തമാവുന്നുമുണ്ടല്ലോ. ചന്ദ്രൻ ഒരു കാലത്തു ഭൂമിയുടെ ഒരു ഭാഗംതന്നെയായിരുന്നു എന്നു പറയുന്ന സ്ഥിതിക്ക്, ഒരു പക്ഷെ ആ ഗോളത്തിൻെറ ഉപരിഭാഗത്തിൽ കരിഞ്ഞുള്ള, പ്രകാശമേല്ക്കാത്ത ഒരു വമ്പിച്ച വനാന്തരമോ പർവ്വതപ്രാന്തമോ ആയിക്കൂടെ നാം ശ്യാമളനിറത്തിൽ കാണുന്ന ആ വസ്തു —അതെ, കളങ്കം? ഒരു പക്ഷെ ഒന്നു രണ്ടു തലമുറക്കുശേഷമുള്ള ശാസ്ത്രകാരന്മാർ തങ്ങളുടെ പരീക്ഷണംകൊണ്ടു ഈ ഊഹത്തെ വാസ്തവീകരിക്കാനും മതി. എന്നാൽ ഇടക്കിടെ ഈ കളങ്കത്തിൻെറ വർണ്ണവും വലിപ്പവും മാറിക്കൊണ്ടിരിക്കുന്നതായി കാണുന്നുണ്ടെന്നതാണ് ഈ അനുമാനത്തിന്നൊരു പ്രതിബന്ധം. ഒരു പക്ഷെ ആന്തരികമായ വല്ല ശക്തികളുടെയും പ്രവർത്തനംകൊണ്ടു പുറമെയുള്ള ജ്യോതിസ്സ് വർദ്ധിക്കുമ്പോൾ—വനാന്തരങ്ങളിലും പർവ്വതപ്രാന്തങ്ങളിലും പ്രകാശം കുറേശ്ശ കടന്നെത്തുമ്പോൾ—ഉണ്ടാവുന്ന ഒരു മാററമായിരിക്കുമോ അതു? പ്രസന്നതയും മ്ലാനതയും സുഖദുഃഖങ്ങൾപോലെ മാറിക്കൊണ്ടിരിക്കുന്ന സമ്പ്രദായം, പ്രപഞ്ചത്തിൽ മുഴുവൻ ഉള്ളതാണല്ലോ. അല്ലെങ്കിൽ അസ്തമനസൂര്യൻെറ ചെങ്കതിരുകളേൽക്കുമ്പോഴുള്ള പ്രതിബിംബനമായിരിക്കുമോ? എന്നാൽ ചിലരുടെ അഭിപ്രായം ഇതൊന്നുമല്ല; ഒരു വമ്പിച്ച കവാടം അടക്കുകയും തുറക്കുകയും ചെയ്യുമ്പോഴുള്ള മാററങ്ങളാണ് ഇതു എന്നത്രെ!

## കള്ളി വെളിച്ചത്താക്കാൻ

ശാസ്ത്രകാരന്മാർ വെറുതെ ഇരിക്കുന്നില്ല. ഇത്തരം വിഷമപ്രശ്നങ്ങൾക്കു ഉത്തരംകാണുവാൻ അവർ രാപ്പകൽ തലപുണ്ണാക്കുന്നു. പല പരീക്ഷണങ്ങളും നടത്തിനോക്കുന്നു. ഈയ്യിടെ കാലിഫോർണിയ (അമേരിക്ക) യിൽ മൌണ്ട് പലോമർ എന്നിടത്തു ഒരു 200_ഇഞ്ച് വലുപ്പമുള്ള ഒരു ദൂരദർശിനിക്കുഴൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ലോകത്തിൽവെച്ചു ഏററവും വലിയ ഈ ദൂരദർശിനിയുടെ സഹായത്താൽ അമ്പിളിയമ്മാമനെ സംബന്ധിച്ചുള്ള പല രഹസ്യങ്ങളും വെളിച്ചത്താക്കുവാൻ സാധിക്കുമെന്നാണ് ശാസ്ത്രജ്ഞന്മാരുടെ പ്രതീക്ഷ.

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST

For almost anything & everything up-to-date in PIECE GOODS and FANCY ARTICLES.

Prices Defy competition.

കോഴിക്കോട്

'ബാദ്ഷാസ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

# നബി

തായാട്ട് ശങ്കരൻ

കൂപ്പുകൈകമൊട്ടിനാലർച്ചനം ചെയ്യുന്നോ-
ണിപ്പൊഴുംലോകമന്നാമവർണ്ണങ്ങളെ !
    അന്ധവിശ്വാസമാ മന്ധകാരത്തിലല-
ല്പൂന്തിങ്കളായിപ്പിറന്നു നീ പാരിതിൽ.
തേനൊലിപ്പൂങ്കതിർ വീശിത്തടവി നീ
വാനവും മന്നും തൃണവും മരങ്ങളും.
ലോകസംസ്കാരം ഭവൽപാദപൂജയാൽ
നാകലോകത്തെയും വെന്നു സംശുദ്ധിയിൽ.
അജ്ഞാനതൃഷ്ണയാൽ വെമ്പുംജനങ്ങൾക്കു
വിജ്ഞാനപീയൂഷ വർഷമേകീഭവാൻ.
സ്ഥൈര്യം മനുഷ്യമൈയാന്നുചീർപൂണ്ടപോൽ
വൈരികൾ മുമ്പിലചലമായ് നില്ക്കിലും
ദീനാനുകമ്പാപരൊക്കെയു മങ്ങയെ-
ത്തുറവംവെന്നു താൻ മാത്രമായ് കണ്ടതും
ദുഷ്ടശത്രുക്കൾ തൻ ഖഡ്ഗങ്ങൾ കൂടിയും
സാഷ്ടാംഗമായി നമിച്ചുനിൻകാൽകളിൽ!
    മങ്ങാതെ,മാലിന്യമേലാതെ മാനത്തു
മിന്നുന്നസൌവർണ്ണ നക്ഷത്രമാണു നീ
മർത്ത്യനായ് മന്നിൽപിറന്നു വളർന്നു നീ
മർത്ത്യനായ്തന്നെ മറഞ്ഞുപോവനാകിലും
സത്യധർമ്മങ്ങളമർത്ത്യ ചൈതന്യമായ്
തീർത്തുനിൻനാമം; ജയിപ്പൂ നബിവരൻ.


നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

**തനി സ്വദേശി മേത്തരം തീപ്പെട്ടികൾ**

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ




**കേരള മാച്ച് ഫാക്ടറി, പൊന്നാനി, S മലബാർ.**

# നിങ്ങൾക്കു

ഭക്ഷണവും



വസ്ത്രവും

വിറകും

വേണമോ

അല്ല

തീവണ്ടിയിൽ യാത്രചെയ്യണമോ?

രണ്ടുംകൂടി സാദ്ധ്യമല്ല. ഇന്ത്യ മുഴുവൻ നിത്യോപയോഗത്തിനുള്ള സാധനങ്ങൾ തടവില്ലാതെ എത്തിക്കുക - കണക്കിലേറെ യാത്രക്കാർക്കു പോകാൻ സൌകര്യമുണ്ടാക്കിക്കൊടുക്കുക. ഇതു രണ്ടുംകൂടി നിവർത്തിക്കുവാൻ റയിൽവേക്കാർക്കു സാധിക്കുകയില്ല. വേണ്ടത്ര എഞ്ചിനില്ല, വണ്ടികളുമില്ല. ഈ സന്ദർഭത്തിൽ റയിൽവേക്കാരുടെ ചുമതല എന്താണെന്നു വ്യക്തമാണ്. ഭക്ഷണം വസ്ത്രം വിറക് - ഇവയാണ് മുഖ്യം. ഇവ ജീവിതാവശ്യങ്ങളാണ് ഇവയില്ലെങ്കിൽ ജനങ്ങൾ മരിക്കുകയേ ഉള്ളൂ.

അതുകൊണ്ടാണ് വണ്ടികളിൽ തിരക്കും അസുഖവും ഇപ്പോൾ കൂടിയിട്ടുള്ളത്. വണ്ടിക്കൂലി വർദ്ധിച്ചതും അതിനാലാണ്. നിങ്ങൾ യാത്രക്കൊരുങ്ങാതെ നിങ്ങളുടെ വീടുകളിലേക്കാവശ്യമുള്ള സാധനങ്ങൾ വന്നുചേരാനുള്ള വഴിനോക്കണമെന്നു പറയുന്നതിൻെറ കാരണവും അതുതന്നെയാണ്.

# യാത്ര കുറയ്ക്കുക

AAA 681 ML.

# ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചം

ബി. സി. വർഗ്ഗീസ്സ്, എം. ഏ.

## II

കഴിഞ്ഞ ലക്കത്തിൽ ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചം എന്നാൽ എന്താണെന്നു നാം കണ്ടു. 1000 കോടി ഉറപ്പിക വിലയുള്ള സാധന സാമഗ്രികൾ ഇന്ത്യ ബ്രിട്ടനു വിററിട്ടുണ്ട്. ഈ കടം ആവശ്യപ്പെടുമ്പോൾ ഇന്ത്യക്കു മടക്കിക്കൊടുത്തു കൊള്ളാമെന്നു ബ്രിട്ടൻ വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ വാഗ്ദാനമാണ് ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചം.

അതങ്ങനെയിരിക്കട്ടെ. ഈ സംഖ്യ മടക്കിക്കിട്ടുമെന്നു ഇന്ത്യക്കാർക്കു ന്യായമായി പ്രതീക്ഷിക്കാമോ? ഈ ചോദ്യത്തിനുള്ള സമാധാനം രണ്ടു ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്നാമതായി ഇത്രയും ഭീമമായ ഒരുകടം വീട്ടിത്തീർക്കുവാനുള്ള കഴിവു ബ്രിട്ടനുണ്ടോ? രണ്ടാമത് കഴിവുണ്ടെങ്കിൽതന്നെ കടം വീട്ടുവാനുള്ള സന്മനസ്സും ധർമ്മബോധവും ബ്രിട്ടനുണ്ടാകുമോ?

ഈ രണ്ടു ചോദ്യങ്ങൾക്കും ഒരു സമാധാനം പറയുക അത്ര എളുപ്പമല്ല. ഒരു കാര്യം ഇത്തരുണത്തിൽ നാം മറന്നുകൂടാ. നിർമ്മാണപരമായ പദ്ധതികൾക്കോ ആദായകരമായ വ്യവസായങ്ങൾക്കോ അല്ല ബ്രിട്ടൻ ഈ കടമെടുത്തിട്ടുള്ളത്. യുദ്ധാവശ്യത്തിനാണ്. ഈ ആയിരംകോടി ഉറപ്പികയും കത്തിക്കാളിപ്പോയിക്കഴിഞ്ഞു. കടം വീട്ടുകയാണെങ്കിൽ, യുദ്ധാനന്തരം സ്വന്ത പ്രയത്നംകൊണ്ട്, സ്വന്തരക്തം വെള്ളമാക്കിയിട്ടുവേണം, ബ്രിട്ടനിലെ ഭാവി തലമുറകൾ ഇന്ത്യയെ തൃപ്തിപ്പെടുത്തുക. ഇന്നത്തെ തലമുറകൾ ഭാവി തലമുറകളുടെ ചുമലിൽ വെച്ചുകെട്ടുന്ന ഒരു ഭയങ്കര ചുമടാണ് ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചം പ്രതിനിധീകരിക്കുന്നത്.

ഭാവിതലമുറകൾക്ക് ഈ ഭാരം ചുമക്കുവാൻ സാധിക്കുമോ? ബ്രിട്ടന്റെ ധനസ്ഥിതി നോക്കുമ്പോൾ സാധിക്കുമെന്നുതന്നെ വേണം പറയുവാൻ. വർഷന്തോറും ബ്രിട്ടന്റെ ആകെ വരുമാനം ഏതാണ്ട് 8000 കോടി ഉറപ്പികയാണ്. അതായത് ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചത്തിന്റെ എട്ടിരട്ടി. മററു വിധത്തിൽ പറയുകയാണെങ്കിൽ ബ്രിട്ടന്റെ ആകെ വരുമാനത്തിൽ 12½ ശതമാനംമാത്രമാണ് ഇന്ത്യക്കു കിട്ടുവാനുള്ള കടം. ഈ കടം ബ്രിട്ടൻ 10 കൊല്ലംകൊണ്ടു വീട്ടിത്തീർക്കുകയാണെങ്കിൽ, കൊല്ലത്തിൽ ബ്രിട്ടൻ കൊടുക്കേണ്ടിവരുന്ന സംഖ്യ ആകെയുള്ള ദേശീയവരുമാനത്തിന്റെ 1¼ ശതമാനം മാത്രമാണ്. ഇതൊരു വലിയ ഭാരമാണോ? കടം വീട്ടുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വലിയ ഭാരമായി തോന്നുവാൻ ന്യായമില്ല.

പക്ഷെ ഇത്രയും പറഞ്ഞതുകൊണ്ട് ചിത്രം മുഴുവനായില്ല. ഒരുവശം നോക്കുമ്പോൾ ഇന്ത്യക്കു കൊടുത്തുതീർക്കുവാനുള്ള കടം വലിയ ഭാരമായിപ്പരിഗണിക്കേണ്ടതില്ലെന്നതു വാസ്തവംതന്നെ. പക്ഷെ മറെറാരുവശം പരിശോധിക്കുമ്പോൾ സംഗതികളുടെ കിടപ്പ് അത്ര എളുപ്പമല്ലെന്നു ബോദ്ധ്യമാകുന്നതാണ്.

യുദ്ധത്തിനുമുമ്പുണ്ടായിരുന്ന ബ്രിട്ടനല്ല യുദ്ധത്തിൽനിന്നും പുറത്തു വരാൻ പോകുന്നത്. വിപ്ലവകരങ്ങളായ പല മാററങ്ങളും യുദ്ധാനന്തരലോകത്തിൽ സംഭവിക്കുമെന്നതു തീർച്ചയാണ്. അതിന്റെ ചില സൂചനകൾ നമുക്കിന്നുതന്നെ ലഭിക്കുന്നുണ്ട്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നീ വിഷയങ്ങളിൽ വിപുലമായ പുതുപദ്ധതികൾ ബ്രിട്ടൻ തയ്യാറാക്കിവരുന്നു. കൊല്ലത്തിൽ അനേകകോടി ഉറപ്പിക ചെലവുവരുന്ന ഒരു സാമൂഹ്യ ഇൻഷ്വറൻസ് പദ്ധതി (ബെവറിഡ്ജ് പദ്ധതി) ബ്രിട്ടീഷ് ഗവർമ്മേണ്ട് അംഗീകരിച്ചുകഴിഞ്ഞു. സ്വകാര്യവ്യക്തികളുടെ ധനസ്ഥിതിക്കു വ്യത്യാസം വരുത്താതെ ഈ പദ്ധതികൾക്കാവശ്യമായ ധനാർജ്ജനം ഗവർമ്മേണ്ടിനു സാദ്ധ്യമല്ല. മാത്രമല്ല. മേൽ പ്രസ്താവിച്ച പദ്ധതികൾ വിജയപൂർവ്വം നടപ്പിലാക്കേണമെങ്കിൽ ബ്രിട്ടന്റെ വർഷന്തോറുമുള്ള വരവ് 8000 കോടി ഉറപ്പികയിൽനിന്ന് ചുരുങ്ങിയത് 10,000 കോടി ഉറപ്പികയെങ്കിലുമാക്കി വർദ്ധിപ്പിക്കേണമെന്നാണ് വിദഗ്ദ്ധാഭിപ്രായം.

ഇതുകൊണ്ടുമായില്ല. ബ്രിട്ടന്റെ ഇപ്പോഴത്തെ വരവ് 8000 കോടി ഉറപ്പികയാണെന്ന് നാം പറഞ്ഞുവല്ലോ. ഇതിൽ 20 ശതമാനം പ്രത്യക്ഷമായോ, പരോക്ഷമായോ ഇന്ത്യയിൽനിന്നു ബ്രിട്ടനു കിട്ടിവരുന്നതാണ്. ഇതൊരതിശയോക്തിയല്ല. ലണ്ടൻ ധനസ്ഥിതിക പത്രങ്ങളുടെ നേതാവായ റോതർമീർ പ്രഭുവാണ് ഒരിക്കൽ പറഞ്ഞത് ബ്രിട്ടന്റെ വരവിൽ പവന് നാലു ഷില്ലിങ്ങ് കണ്ട് ഇന്ത്യയിൽനിന്നും ലഭിക്കുന്നതാണെന്ന്. യുദ്ധാനന്തരം 'ഇത്രയും വരവ് ഇ

ന്ത്യയിൽനിന്നും ബ്രിട്ടന്ന പ്രതീക്ഷിക്കാമെന്നു തോന്നുന്നില്ല. ഇന്ത്യയുടെ രാഷ്ട്രീയനില കുറെക്കാലത്തേക്കു ഭേദപ്പെട്ടുമെന്നുവേണംവിചാരിക്കുവാൻ. അങ്ങനെയാണെങ്കിൽ യുദ്ധാനന്തരംഇന്ത്യയിൽനിന്നുവലുതെമിച്ചം കിട്ടുവാൻ ബ്രിട്ടന്ന സാധിക്കുമെന്നു തോന്നുന്നില്ല. ചുരുക്കത്തിൻ യുദ്ധാനന്തരം ബ്രിട്ടന്റെ ആവശ്യങ്ങൾ വർദ്ധിക്കുകയും, കൂടുതൽ വരവിന്നാവശ്യമായി വരികയും ചെയ്യുമെന്നിരിക്കെ, ബ്രിട്ടന്റെ വാസ്തവത്തിലുള്ള വരുമാനം കുറഞ്ഞുപോകുവാനാണ് വഴി കാണുന്നതു. ഈ പരിതസ്ഥിതിയിൽ, തങ്ങളുടെ വരവിൽ ഒരു ഭാഗം ബ്രിട്ടീഷുകാർ ഇന്ത്യക്കു കടം വീട്ടുന്നതിന്നു വിനിയോഗിക്കുവാൻ ഒരുമ്പെടുമൊ?

കഴിഞ്ഞ ലോകമഹായുദ്ധത്തിൽ അമേരിക്ക ബ്രിട്ടന്ന വലിയ ധനസഹായം ചെയ്യുകയുണ്ടായി. പക്ഷെ യുദ്ധാനന്തരം ബ്രിട്ടൻ അനുവർത്തിച്ച നയം ഒട്ടും ആശാസ്യമായിരുന്നില്ല.

ഇന്ത്യയെ സംബന്ധിച്ചേടത്തോളവും ഏതാദൃശമായ ഒരു മനഃസ്ഥിതി ബ്രിട്ടനിലെ ചില സ്ഥാപിത താല്പര്യവൃത്തങ്ങൾ ഈയിടെ വെളിവാക്കുകയുണ്ടായി. ഇന്ത്യ കടമായെടുത്ത പണം വാസ്തവത്തിൽ മുഴുവനും കടമല്ലെന്നാണ് ഇക്കൂട്ടരുടെ വാദം. യുദ്ധത്തിന്റെ ചെലവ് ഒരു പൊതുച്ചുമതലയാണെന്നും, വാസ്തവത്തിൽ ഇന്ത്യയർഹിക്കുന്ന ഭാരം ഈ വിഷയത്തിൽ ഇന്ത്യ വഹിച്ചിട്ടില്ലെന്നും, തന്മൂലം ബ്രിട്ടന്റെ പേരിൽ എഴുതിക്കൂട്ടിയിട്ടുള്ള കടത്തിന്റെ ഏതാനും ഭാഗമെങ്കിലും ഇന്ത്യയുടെ പേരിൽതന്നെ ചെലവെഴുതി, ആ തോതനുസരിച്ചു കടം വെട്ടിച്ചുരുക്കേണമെന്നുമാണ് ലണ്ടൻ പണവ്യാപാരികളുടെ അഭിപ്രായമെന്നു തോന്നുന്നു. ബ്രിട്ടന്ന ഇന്ത്യ കടമായി നൽകിയിട്ടുള്ള സംഖ്യയുടെ ഭാരം മുഴുവൻ ബ്രിട്ടൻ വഹിക്കുകയെന്നുവെച്ചാൽ അതു അന്യായവും അനീതിയുമാണെന്നുകൂടി ബ്രിട്ടനിലെ ഈ മുടിചൂടാമന്നവന്മാർ തട്ടിമൂളിക്കുന്നുണ്ട്.

ഇവരുടെ അഭിപ്രായം ബ്രിട്ടീഷുഗവർമ്മേണ്ടിന്റെമേൽ എത്രത്തോളം സ്വാധീനത ചെലുത്തുമെന്ന ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഈയിടെ ബ്രിട്ടീഷ് ധനകാര്യമന്ത്രി ലണ്ടനിൽവെച്ചു ചെയ്ത ഒരു പ്രസംഗം ഒട്ടുംതന്നെ ശുഭോദർക്കമല്ല. അദ്ദേഹം പറയുന്നു ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചത്തിൽ ഒരു ഭാഗം ബ്രിട്ടീഷ് ദേശീയകടത്തിന്റെ ഒരു ഭാഗമാണെങ്കിലും, ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ നേരിട്ടുള്ള ബാദ്ധ്യതയല്ലെന്ന്. ശേഷിച്ച ഭാഗവുംകൂടി കാലക്രമേണ താന്ത്രികഭാഷയുടെ വ്യാപ്തിയിൽ ദേശീയകടത്തിന്റെകൂടി ഭാഗമല്ലെന്ന ബ്രിട്ടീഷധികൃതന്മാർ സമർത്ഥിക്കുകയില്ലെങ്കിൽ അതു നമ്മുടെ ഭാഗ്യമായിക്കരുതാവുന്നതാണ്.

ഇന്ത്യ യുദ്ധച്ചെലവിൽ അതർഹിക്കുന്ന പങ്കു വഹിച്ചിട്ടുണ്ടോ, ഇല്ലയോ എന്ന പ്രശ്നത്തിന്നൊരു സമാധാനം പറയുവാൻ തല്ക്കാലം ഒരുമ്പെടുന്നില്ല. കാരണം ആ പ്രശ്നം ഈ പ്രബന്ധത്തിന്റെ പരിധിയിൽ കൊള്ളിക്കുന്നപക്ഷം ഇതു് അനാശാസ്യമായി നീണ്ടുപോകും. ഏതായാലും ഒരു കാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. 1939-ൽ ഇന്ത്യയും ബ്രിട്ടനും തമ്മിൽ യുദ്ധച്ചെലവിനെ സംബന്ധിച്ച് ഒരുടമ്പടിയിലേർപ്പെട്ടു. പ്രസ്തുത ഉടമ്പടിയിലെ വ്യവസ്ഥകളാണ് ഇന്ത്യയുടെ യുദ്ധച്ചെലവിന്റെ അടിസ്ഥാനം. ഈ ഉടമ്പടിയിൽ ഒപ്പുവെച്ചത് ഇന്ത്യയുടെ ധനകാര്യമന്ത്രിയായ ഇംഗ്ലീഷുകാരൻ സർ ജെറമി റെയ്സ്മാനായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യയുടെ കഴിവുകൾക്കതീതമായ ഭാരം ഇപ്പോൾതന്നെ ഇന്ത്യ വഹിക്കുന്നുണ്ട്. ഇന്നത്തേക്കാലം, അതായത് 1939-ലെ ഉടമ്പടിയിലെ വ്യവസ്ഥകൾപ്രകാരം ഇന്ത്യയുടെ മേൽ ചുമത്തിയിട്ടുള്ളതിനേക്കാൾ, ഭാരം ഇന്ത്യയുടെ

**മദനൻ**

അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവ്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 16 വയസ്സിനു മേലുള്ള സ്ത്രീപുരുഷന്മാർക്ക് ഉപയോഗിക്കാം. വിശേഷപത്ഥ്യങ്ങൾ ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് 2ക. മാത്രം.

**സ്വാമി രാമാനന്ദൻസ് സിദ്ധവൈദ്യാശ്രമം**

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം H. O. Trichur.

ചുമലുകളിൽ വെച്ചുകെട്ടുന്നത് ന്യായീകരിക്കാവുന്നതല്ലെന്ന് അദ്ദേഹം സമ്മതിക്കുന്നു. എന്തായാലും ഇന്ന് ഇന്ത്യ സമ്പാദിച്ചിട്ടുള്ള സ്റ്റർലിങ്ങ്മിച്ചം മേലുദ്ധരിച്ച ഉടമ്പടിയുടെ ഫലമാണ്. ഉടമ്പടിക്ക് വിധേയമായ ബ്രിട്ടൻ ഇന്ത്യയുടെ കടം മുഴുവൻ വീട്ടിത്തീർക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നു.

യാതൊരു ത്യാഗവും ചെയ്യാതെ, ആവശ്യം കഴിച്ചു ബാക്കി കെട്ടിയിരിപ്പുള്ളതിന്റെ ഒരു ഭാഗം ബ്രിട്ടന കടം കൊടുത്തു സമ്പാദിച്ചതല്ല ഇന്ത്യയുടെ സ്റ്റർലിങ്ങ്മിച്ചം. നിരവധി കഷ്ടപ്പാടുകൾ സഹിച്ചു നേടിയിട്ടുള്ളതാണ് ഈ ധനം. നമ്മുടെ അത്യാവശ്യങ്ങൾ പോലും ഉപേക്ഷിച്ചിട്ടാണ് ബ്രിട്ടന്നാവശ്യമായ സാധനസാമഗ്രികൾ നാം നൽകിവന്നത്.

ബങ്കാളിലെ ക്ഷാമത്തിനും ഇന്ത്യയിലെ പൊതുജനങ്ങളുടെ അനാരോഗ്യസ്ഥിതിക്കും ഈ സ്റ്റർലിങ്ങ്മിച്ചത്തിന്ന് കാര്യമായൊരു പങ്കുണ്ട്. സ്റ്റർലിങ്ങ് മിച്ചത്തിന്റെ ഫലമാണ് നാണയപ്പെരുപ്പം. ഇന്ത്യയിലെ ഇന്നത്തെ സാമ്പത്തികക്കുഴപ്പത്തിന്റെ അടിസ്ഥാനകാരണം ഈ നാണയപ്പെരുപ്പമത്രെ.

എന്നാൽ ഇന്ത്യ ഇതെല്ലാം സന്തോഷസമേതം സഹിച്ചു. സഖ്യകക്ഷികൾ ജയിക്കേണമെന്ന ആവേശഭരിതമായ ദൃഢനിശ്ചയം ത്യാഗങ്ങൾ അനുഭവിക്കുന്നതിന്നവരെ പ്രേരിപ്പിച്ചു. യുദ്ധാനന്തരം ഈ ത്യാഗങ്ങൾക്ക് പ്രതിഫലം കിട്ടുമെന്നവർ ആശിക്കുന്നു. എങ്ങനെ? യുദ്ധാനന്തരം വിപ്ലവപരമായ ചില സാമ്പത്തിക പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമെന്നാണ് ഇന്ത്യയുടെ ഇപ്പോഴത്തെ പ്രതീക്ഷ. പക്ഷെ ഈ പ്രതീക്ഷ സഫലീകരിക്കേണമെങ്കിൽ, അതിന്നാവശ്യമായ ധനവും, ഉല്പാദനസാമഗ്രികളും അവർക്ക് കിട്ടുമാറാകണം. സ്റ്റർലിങ്ങ് മിച്ചം ഈ യന്ത്രസാമഗ്രികൾ കരസ്ഥമാക്കുന്നതിന്നുതകുമെന്ന് അവർ ഉദ്ദേശിക്കുന്നു. ഈ പ്രതീക്ഷയും പ്രത്യാശയും പ്രായോഗികമാകണമെങ്കിൽ ബ്രിട്ടൻ തന്നുവീട്ടുവാനുള്ള സ്റ്റർലിങ്ങ് കടം ഇന്ത്യക്കു ലഭിച്ചേ മതിയാവൂ. യുദ്ധാനന്തര പദ്ധതികളുടെ വിജയത്തിന്നത്യന്താപേക്ഷിതമായ ഒരു നിധിയായിട്ടാണ ഇന്ത്യ സ്റ്റർലിങ്ങ്മിച്ചത്തെ കരുതുന്നത്. വിധവയുടെ വെള്ളിക്കാശാണ് ഈ നിധി.


New

Taj Mahal Hotel

CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാർക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകര്യപ്രദം.

ടീപാർട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദർശനത്തെയും പരീക്ഷണത്തേയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ട പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥന്മാരാൽ നടത്തപ്പെടുന്നത്.

# ഹെർമൻ ഗോറിങ്ങ് *

കെ. എ. കൊടുങ്ങല്ലൂർ.

തനിക്കു പററിയ അനുചരന്മാരെ തിരഞ്ഞെടുക്കാൻ ഹിററ്ലർക്ക് തെല്ലും വിഷമമുണ്ടായില്ല. ധനസമ്പാദനത്തിനെതിരാണ് തങ്ങളെന്നു പലപ്പോഴും പ്രഖ്യാപിക്കാറുള്ള അവരെല്ലാം 'മഴക്കാലത്തേക്കുവേണ്ടി' കുറെ ലക്ഷമെങ്കിലും കരുതിവെച്ചിട്ടുണ്ട്. അവർ കച്ചവടക്കണ്ണോടെയാണ് യൂറോപ്പിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ജർമ്മനിയിൽ കുപ്രഖ്യാതകളോടുകൂടിയ ഒരു കൂട്ടസംഘമുണ്ട്. ഈ കവർച്ചക്കാരെല്ലാംകൂടി അവരുടെ സ്വന്തം കമ്പനി സ്ഥാപിച്ചിരിക്കയാണ്. 'മൂന്നാം റീഷ്' എന്ന പേരിലാണതറിയപ്പെടുന്നത്.

ഹിററ്ലരുടെ ഏററവുമടുത്ത കൂട്ടാളിയായ ഹെർമൻ ഗോറിങ്ങ് ഒരു ടർക്കിക്കോഴിയെപ്പോലെ ഗർവ്വിഷ്ഠനാണ്. ബഹുമതി മുദ്രകളോടും സ്ഥാനമാനങ്ങളോടും അയാൾക്ക വലിയ പ്രേമമാണ്.

“ഹെർമൻ ഗോറിങ്ങ്, ഫീൽഡ് മാർഷൽ, ആകാശകാര്യമന്ത്രി, ലഫ്റ്റ്വാഫിന്റെ തലവൻ, ചതുർവ്വർഷ പദ്ധതി നടപ്പിലാക്കാൻ നിയമിക്കപ്പെട്ട കമ്മീഷണർ, ജർമ്മൻ വനകാര്യ മേധാവി, റീഷ്സ്റ്റാഗ് പ്രസിഡണ്ട്”

ഗോറിങ്ങിന്റെ വിസിററിങ്ങ് കാർഡിലെ ഉള്ളടക്കമാണ് മേൽച്ചേർത്തത്.

ഗോറിങ്ങ് മനഃപൂർവ്വം മറച്ചുവെയ്ക്കുന്ന ഒരു പദവിയുണ്ട്; വമ്പിച്ച ഹെർമൻ ഗോറിങ്ങ് ലോഹവ്യവസായ സ്ഥാപനത്തിന്റെ ഡയറക്ടർ കൂടിയാണ് അയാൾ. യുദ്ധം തുടങ്ങിയശേഷം ഈ 'നേതാവ്' തന്റെ മൂലധനം 10 കോടി മാർക്കിൽനിന്ന് 25 കോടിയിലേക്ക് ഉയർത്തിയിരിക്കുന്നു. ഓരോ തോക്കിൽനിന്നും, ഓരോ ഉണ്ടയിൽനിന്നും അയാൾ ലാഭമെടുക്കുന്നു. ചെക്കോസ്ലോവാക്യ, ഫ്രാൻസ്, ബെൽജിയം തുടങ്ങിയ അധീന രാജ്യങ്ങളിലുള്ള എല്ലാ വൈയവസായിക സ്ഥാപനങ്ങളും അയാൾ സ്വന്തം കീശയിലാക്കി.

ആഡംബരബഹുലമായ ജീവിതമാണ് ഗോറിങ്ങ് ഇഷ്ടപ്പെടുന്നത്. ബർലിൻ നഗരത്തിൽതന്നെ ആറു സുഖവാസസദനങ്ങൾ അയാൾക്കുണ്ട്. “ജീവിക്കുക, അന്യരെ ജീവിക്കാൻ അനുവദിക്കാതിരിക്കുക” എന്നതാണയാളുടെ മുദ്രാവാക്യം.

വിൻറർ ഹിൽഫെയ്ക്കു പണപ്പിരിവിനുവേണ്ടി ആണ്ടിലൊരിക്കൽ ഗോറിങ്ങ് ബർലിനിലെ തെരുവീഥിയിൽ ഹുണ്ടികപ്പെട്ടിയുമായി നില്ക്കുക പതിവാണ്. തന്റെ ദല്ലാളിയായ ഷ്ളട്ടറുടെ സഹായത്തോടെ 1,250,000 ഡോളർ സോപോളോവിലെ ഒരു ബ്രസീലിയൻ ബാങ്കിലേക്ക് അയാൾ മാററി. ജർമ്മനിയിൽനിന്നു താനെന്നാണ് കെട്ടുകെട്ടേണ്ടിവരിക എന്നയാൾക്ക് നിശ്ചയമില്ലല്ലോ.

വസ്ത്രാഡംബരഭ്രമം ഗോറിങ്ങിനു കലശലാണ്.

ഗോറിങ്ങ് പരസ്യമായി പ്രഖ്യാപനം ചെയ്തിട്ടുണ്ട്: “നീതിസ്ഥാപനമല്ല എന്റെ ജോലി; നശീകരണമാണ്.” പക്ഷെ, അയാൾ വലിയ ആർദ്രമനസ്സനാണ്! മൃഗങ്ങളെ വധിക്കുന്നത് അയാൾ തടഞ്ഞിരിക്കുന്നു. പന്നികളെ കൊല്ലുന്ന ശാസ്ത്രീയ ഗവേഷകന്മാർ തടങ്കൽ ക്യാമ്പുകളിലയക്കപ്പെടുമെന്ന് അയാൾ പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

വഞ്ചന, ജനദ്രോഹം, കൊള്ള ഇവയുടെ മൂർത്തീകരണമാണ് ഗോറിങ്ങ്. റീഷ്സ്റ്റാഗിന് താൻതന്നെ തീവെച്ച് കമ്യൂണിസ്റ്റുകാരുടെ മേൽ കുററം ചുമത്തി. പാരിസിലുണ്ടായിരുന്ന പൌരാണികപ്രതിമകൾ നീക്കംചെയ്തു തന്റെ കളിമുറി അവയെക്കൊണ്ടലങ്കരിച്ചു. “ഞാൻ വെടിവെച്ചുകൊണ്ടിരിക്കുന്ന കാലത്തോളം അതെവിടെയാണേല്ക്കുന്നതെന്നു ഞാൻ നോക്കുകയില്ല” എന്നാണയാൾ ഒരിക്കൽ പറഞ്ഞത്. മദ്യപനും ശാരീരികമായി പോരാത്തവനുമാണെന്ന കാരണത്താൽ പുത്രസംരക്ഷണത്തിന് ഗോറിങ്ങ് അയോഗ്യനാണെന്ന് ബർലിനിലെ ന്യായാസനം മുമ്പ് വിധികല്പിക്കുകയുണ്ടായിട്ടുണ്ട്. അതു ഹിററ്ലർ അധികാരത്തിൽ വരുന്നതിനുമുമ്പാണ്. ഈ നിർദ്ദയനായ കൊലപാതകിയുടെ സംരക്ഷണത്തിൻകീഴിൽ കൊച്ചുകിടാവിനെ ഏല്പിക്കാൻ മനുഷ്യസ്നേഹികളായ അന്നത്തെ ന്യായാധിപന്മാർക്ക് മനസ്സുവന്നില്ല. അങ്ങിനെയുള്ള രാക്ഷസന്റെ വരുതിയിലാണ് നിസ്സഹായരായ പത്തുകോടി ജർമ്മൻ ജനങ്ങളുടെ ഭാഗധേയം ഹിററ്ലർ സമർപ്പിച്ചിട്ടുള്ളത്.

---

* ഇംഗ്ലീഷിൽനിന്നു സംഗ്രഹിച്ചത്.

# വെളിച്ചത്തിൽ !*

സി. നാരായണൻ എം. എ., എൽ. ടി.

(ഓമനക്കുട്ടൻ രീതി)

ശുഷ്കമാമൊരു ബീജത്തിനുള്ളിൽ
ദൃഷ്ടിക്കേററമതീതമായ്
ഗാഢനിദ്രയെ പൂണ്ടുമേവിനാൻ
ശ്രദ്ധമങ്ങൊരിളം ചെടി !

തൻകരം നീട്ടിത്തട്ടിമെല്ലവേ
പങ്കജബന്ധു ചൊല്ലിനാൻ!
"വേഗമിങ്ങുണർന്നിട്ടു കുഞ്ഞേ നീ!
യാഗമിക്കൂ, വെളിച്ചത്തിൽ!"

ചൊല്ലിനാ"നുണർന്നീട്ടു"കെന്നതും-
പല്ലവി വഷ്ബിന്ദുക്കൾ!
വാക്യമേവം ശ്രവിച്ചൊരത്തരു-
പ്പിഞ്ചുപൈതലുണർന്നുടൻ
എന്തൊരത്ഭുത രംഗമാവാമീ-
ബ്ബാഹ്യലോകമെന്നീക്ഷിക്കാൻ
ആത്തകൌതുക മുത്ഥാനംചെയ്തു-
ങ്ങെത്തിനോക്കി വെളിച്ചത്തിൽ!

* ഇംഗ്ലീഷിൽനിന്നു്

# ആധുനികശാസ്ത്രപുരോഗതിയുടെ സ്വഭാവം

ടി. പി. മാത്യു, ബി. എ; ബി. എൽ.

ഈ നൂററാണ്ടിലേയും അതിലും പ്രത്യേകിച്ചു കഴിഞ്ഞ ലോകമഹായുദ്ധത്തിന്നുശേഷമുള്ള കാലത്തേയും ശാസ്ത്രീയപുരോഗതിയ്ക്കു ഒരു പ്രത്യേകതയുണ്ടു്. ഈ കാലങ്ങളിലെ ശാസ്ത്രീയമായ പഠനങ്ങളും ഗവേഷണങ്ങളും ഓരോരോ ശാഖയിലേക്കും പുതുതായ വിജ്ഞാനം കൂട്ടുകമാത്രമല്ല ചെയ്തിട്ടുള്ളതു. മനുഷ്യരുടെ ശാസ്ത്രപരമായ വീക്ഷണകോണത്തിന്നുതന്നെ വിപ്ലവാത്മകമായ മാററംവരികയും വന്നുകൊണ്ടിരിക്കയും ചെയ്യുന്നുണ്ട്. കഴിഞ്ഞ നൂററാണ്ടിൽ ഡാർവിന്റെ പരിണാമവാദവും ജന്തുശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളും ശാസ്ത്രകാരന്മാരിൽ ഭൗതികവും യന്ത്രപരവുമായ ചിന്താഗതികളെ സൃഷ്ടിച്ചുവിട്ടു. എന്നാൽ ഇടക്കാലത്തുള്ള അവരുടെ ചിന്താഗതി നിഗൂഢതാഗർത്തത്തിന്റെ (abyss of mysticism) വക്കത്തോളം എത്തിക്കഴിഞ്ഞിട്ടുണ്ട്. പ്രൊഫസ്സർ വൂൾഫ് പറകയാണ് വസ്തുസ്വഭാവത്തെപ്പററി നമുക്കുള്ള അഭിപ്രായം എത്ര മാറിയാലും വസ്തു വസ്തുവായിത്തന്നെ (matter remains matter) നിലനില്ക്കുന്നു. ഇന്നുള്ള മനുഷ്യൻ പരിണാമഗതിയിൽ ഒരു പ്രത്യേകഘട്ടത്തെയാണു കുറിയ്ക്കുന്നതു്. ഈ പരിണാമഗതി തുടർന്നുകൊണ്ടേപോകുന്നു. ഈ പ്രപഞ്ചത്തിന്റെയും ഇതിന്റെ സൃഷ്ടിപരമായ ശക്തിയുടെ ഏററവും ഉത്തമസന്താനമായ മനുഷ്യന്റെയും ആസ്തിക്യസ്വഭാവത്തെ ആരായുന്നതാണ് ശാസ്ത്രഗവേഷണങ്ങളുടെ പരമോദ്ദേശം.

ശാസ്ത്രങ്ങൾക്കു അന്യോന്യാശ്രിതമായല്ലാതെ പ്രവർത്തിപ്പാൻ കഴികയില്ല. ബൃഹത്തും സമഗ്രവുമായ ഒരു ഗവേഷണപദ്ധതിയുടെ പല ശാഖകളായിമാത്രം അവ നിലനില്ക്കുന്നു. ഇവയിൽ ഒന്നിൽ ഉണ്ടാകുന്ന പുരോഗതിയും തജ്ജന്യമായ വീക്ഷണഗതിയും മററുള്ളവയിന്മേൽ സ്വാധീനംചെലുത്തുന്നു. അതുകൊണ്ടു ഒന്നിൽ ഉണ്ടാവുന്ന പുതിയ കണ്ടുപിടുത്തങ്ങളും പ്രവർത്തനക്രമവൈജാത്യവും മറെറതിന്റെ പുരോഗതിക്കു പ്രേരകമായി വർത്തിക്കുന്നു. ഉദ്ദിഷ്ടലക്ഷ്യം പ്രാപിക്കുന്നതിന്നു മുമ്പുതന്നെ ഒരു അന്വേഷണമാർഗ്ഗം അടഞ്ഞുവെന്നു വരാം. ഏതെങ്കിലും സാധനത്തിന്റെ ഘടകസ്വഭാവവും പെരുമാററരീതിയും പറയുവാൻ കഴിയുന്ന ഒരു ഭൗതികശാസ്ത്രകാരൻ തന്റെ നിരീക്ഷണപരീക്ഷണങ്ങളുടെ ഒരു ഘട്ടത്തിൽ വസ്തുസ്വഭാവത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ കഴിയാതെ തുടർന്നുകൊണ്ടുള്ള അന്വേഷണം മനഃശാസ്ത്രകാരനു വിട്ടുകൊടുക്കുന്നു. വസ്തുവിൽനിന്നു ഭിന്നമായ മനസ്സാണ് പരമമായ യാഥാർത്ഥ്യം എന്നു ഭൗതികശാസ്ത്രകാരനു ബോദ്ധ്യമാകുമ്പോഴാണ് അങ്ങനെ ചെയ്യുന്നതു. വിജ്ഞാനശാഖകൾ ശാഖോപശാഖകളായി തിരിയുന്നതുകൊണ്ടു ഓരോ ശാസ്ത്രീയപരിധിയും ചുരുക്കിച്ചുരുക്കി വരികയാണ്. അതേസമയത്തുതന്നെ ഓരോന്നിലും അധികമധികം സ്വാതന്ത്ര്യം ലഭിച്ചുവരുന്നുണ്ട്. ശാസ്ത്രം സാമാന്യമായി ദാർശനീയശാസ്ത്രത്തിൽനിന്നു സ്വാതന്ത്ര്യയായി; ഐശ്വരശാസ്ത്രത്തിന്നു അകമ്പടി സേവിക്കുന്ന നിലയിൽനിന്നും ദാർശനീയശാസ്ത്രം ഉയർന്നു. മനഃശാസ്ത്രം സ്വന്തകാലിന്മേൽ ഉറച്ചുനില്ക്കുകയാണ്; മനസ്സിനെ അപഗ്രഥിക്കുന്ന ശാസ്ത്രം (Psycho analysis) വാസ്തവത്തിൽ മനഃശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും സന്താനമാണ്. വളരെ പ്രായമെത്താത്താണെങ്കിലും ഈ ശാസ്ത്രം (Psycho analysis) അതിന്റെ ചിന്താമണ്ഡലത്തിൽ മനുഷ്യപ്രവർത്തനങ്ങളുടെ എല്ലാം വശങ്ങളേയും അടക്കിക്കൊള്ളുന്നു. മാനസികാപഗ്രഥന ശാസ്ത്രം ഇപ്പോൾ മൂന്നു ശാഖകളായി തിരിയുകയും ഓരോന്നും മററ രണ്ടിന്റെയും അവകാശങ്ങളെ ചോദ്യംചെയ്കയും ചെയ്യുന്നുണ്ട്. ശാസ്ത്രീയ ഗവേഷണങ്ങൾ മേൽപ്രകാരം അധികമധികം വകുപ്പുകളായി തിരിയുകയാണ്. ഓരോ ശാസ്ത്രകാരനും ആയാളുടെ ശ്രദ്ധയെ സങ്കുചിതമായ പരിധിയിൽ ഒതുക്കുവാൻ നിർബ്ബന്ധമാകുന്നു. ഇവയെല്ലാംകൂടി ഒരുവിൽ സമ്മേളിക്കുമോ ആവോ? അതിനുള്ള സാദ്ധ്യത അകന്നകന്നു പോകുന്നതായിട്ടാണ് തോന്നുന്നതു്.

ഓരോ പ്രത്യേക ശാസ്ത്രത്തിൽ മാത്രം പ്രാവീണ്യം സമ്പാദിക്കുവാൻ ഉത്സാഹിച്ചിറങ്ങുന്ന കുശാഗ്രബുദ്ധികൾക്കു് ശാസ്ത്രസംബന്ധമായ ഈ വിഹഗവീക്ഷണം ഉപയോഗപ്രദമായിരിക്കും.

:0:

## ബാലപംക്തി

# ലണ്ടനിൽനിന്നു്

21, Cromwell Road,
London S. W. 7,
13th Dec. '23.

ഖാൻബഹദൂർ കെ. മുഹമ്മദ്, എം. എ.

## പാർലിമെൻറ് തിരഞ്ഞെടുപ്പ്

അവിടെനിന്നു നവമ്പർ 20-ാംനു- എഴുതിയ കത്ത് കഴിഞ്ഞ തിങ്കളാഴ്ച ഇവിടെ കിട്ടി വിവരങ്ങളം അറിഞ്ഞു സന്തോഷിക്കുന്നു.

കഴിഞ്ഞആഴ്ച കത്തെഴുതിയ ദിവസമായിരുന്നു ഇവിടുത്തെ പാർലിമെൻറ് തിരഞ്ഞെടുപ്പ് എന്നു് എഴുതിയിരുന്നുവല്ലോ. ലോകത്തിന്റെ അഞ്ചിലൊരു ഭാഗം കീഴടക്കി ഭരിച്ചുവരുന്ന ഈ പാർലിമെൻറിൽ ഒരു മെമ്പറാകുവാൻ ആഗ്രഹിക്കാത്തവർ ചുരുക്കമാണ്. അതിനാൽ പാർലിമെൻറ് തിരഞ്ഞെടുപ്പ് ബ്രിട്ടീഷ് ദ്വീപുകളിൽ വലിയ ഇളക്കവും ബഹളവും ഉണ്ടാക്കിത്തീർക്കുന്നു.

പാർലിമെണ്ടിൽ 500-ൽ അധികം മെമ്പർമാരുണ്ട്. ഈ മെമ്പർമാർ യാഥാസ്ഥിതികർ (Conservatives), മിതവാദി (Liberals), തൊഴിലാളി (Labour) എന്നറിയപ്പെടുന്ന ഏതെങ്കിലും ഒരു കക്ഷിയിൽ പെട്ടവരായിരിക്കും. ഭൂരിപക്ഷം കിട്ടുന്ന കക്ഷിയാണ് ഗവൺമെണ്ട് നടത്തുക. മൊത്തത്തിൽ ഭൂരിപക്ഷം ഒരു കക്ഷിക്ക് കിട്ടാത്തപക്ഷം രണ്ടു കക്ഷികൾ കൂടിച്ചേർന്നും, ഗവൺമെണ്ട ക്രമപ്പെടുത്താറുണ്ട്. ഓരോ കക്ഷിയും തങ്ങൾക്ക് ഭൂരിപക്ഷം കിട്ടേണമെന്നുവെച്ച് തിരഞ്ഞെടുപ്പിന്നു മുമ്പ് ഭഗീരഥപ്രയത്നം ചെയ്തുവരികയായിരുന്നു. അതാതു കക്ഷി അവരുടെ മെമ്പർമാരുടെ ഇലക്ഷന്നു വേണ്ടുന്ന ധനസഹായം ചെയ്തുകൊടുക്കും. ആ കക്ഷിക്കാരുടെ പ്രോഗ്രാമും പ്രവൃത്തിപദ്ധതികളും കുറിക്കുന്ന ലഘുലേഖകൾ അടിച്ചു പ്രസിദ്ധംചെയ്തും ആ ലേഖനങ്ങൾ വോട്ടർമാർക്ക് നേരിട്ട് അയച്ചുകൊടുത്തും സ്ഥാനാർത്ഥികൾ പൊതുയോഗങ്ങൾ ഏർപ്പാടുചെയ്തു പ്രസംഗം നടത്തിയും മററുമാണ് പ്രചാരവേല നടത്തിയിരുന്നത്. ഓരോ വോട്ടരേയും താൻ വോട്ടുചെയ്യേണ്ട രീതിയും മററും പോസ്റ്റ്കാർഡു മുഖേന അറിയിച്ചുകൊടുക്കുകയും ചെയ്തിരുന്നു. പ്രസംഗവേളയിൽ ഓരോ കക്ഷിസ്ഥാനാർത്ഥികളും മറുകക്ഷിയുടെ പദ്ധതി കൊള്ളരുതാത്തതാണെന്നും മററും പറഞ്ഞു ദുഷിക്കുക പതിവാണ്. എന്നാൽ സ്ഥാനാർത്ഥികളുടെ സ്വന്തം വീഴ്ചകളെ ചൂണ്ടിക്കാണിച്ചു കുററപ്പെടുത്താറില്ലെന്നു തന്നെ പറയാം. "തൊഴിലാളി കക്ഷിക്കാരെ തിരഞ്ഞെടുത്താൽ അവർ ബ്രിട്ടീഷ് സാമ്രാജ്യം നശിപ്പിക്കും, ബ്രിട്ടീഷ് കച്ചവടം തകർക്കും, അവരുടെ പ്രവൃത്തികളെല്ലാം അവിവേകമായിട്ടുള്ളവയാണ്," എന്നിങ്ങിനെയാണ് മിതവാദി കക്ഷികൾ അവരെ ആക്ഷേപിച്ചിരുന്നത്. ചില മെമ്പർമാർക്ക് കല്ലേറും, കേടു കോഴിമുട്ടകൊണ്ട് മുഖത്ത് ഏറും സദസ്യരിൽനിന്നു കൊള്ളാറുണ്ട്. അതൊക്കെ അനുഭവിച്ചാലും, "നമ്മുടെ നാട്ടിൽനിന്നു പ്രസംഗസ്വാതന്ത്ര്യം എടുത്തുപോയോ!", എന്നു പറഞ്ഞു സദസ്യരെ മിതമായി ആക്ഷേപിക്കുകയല്ലാതെ സ്ഥാനാർത്ഥികൾ കോപിഷ്ഠരായിത്തീർന്ന് ഇലക്ഷൻ കഴിഞ്ഞാൽ കക്ഷികൾ തമ്മിൽ വെറുപ്പ് വർദ്ധിക്കുവാനുള്ള വക വെച്ചുകൊടുക്കുന്നില്ല. നേരെമറിച്ചു തോററ കക്ഷിനേതാക്കൾ ജയിച്ച കക്ഷിനേതാക്കളെ അനുമോദിക്കുകയാണ് ചെയ്യുന്നത്.

പകലെല്ലാം തിരഞ്ഞെടുപ്പ് ഒരുവിധം സമാധാനമായിക്കഴിഞ്ഞു. "ബൂത്തു"കളിൽ വലിയ തിരക്കൊന്നുമുള്ളതായിക്കണ്ടില്ല. വോട്ടർമാർ സമാധാനത്തോടെപോയി വോട്ട്ചെയ്തു മടങ്ങിയിരുന്നു. എന്നാൽ അന്നു രാത്രിയായിരുന്നു ബഹളം. ഇതു സാധാരണയാണത്രെ. തിരഞ്ഞെടുപ്പിന്റെ ഫലം അന്നു രാത്രി

---

* ഡിവിഷനൽ ഇൻസ്പെക്ടർ ഖാൻബഹദൂർ കെ. മുഹമ്മദ്സാഹിബ് വിദ്യാഭ്യാസ പരിശീലനാർത്ഥം ഇംഗ്ലണ്ടിൽ പോയിരുന്ന കാലത്തു വിവിധസ്ഥലങ്ങളിൽനിന്നു അദ്ദേഹം തന്റെ പിതാവിന്നു അയച്ചിട്ടുള്ള ചില കത്തുകളാണ് അദ്ദേഹത്തിന്റെ അനുമതിയോടുകൂടി ഞങ്ങൾ ഈ പംക്തിയിൽ പ്രസിദ്ധംചെയ്യുന്നത്. അമേരിക്കയിലെ ആസന്നമായിരിക്കുന്ന തിരഞ്ഞെടുപ്പുവേളയിൽ ഈ കത്തിന്നു മുൻഗണന കൊടുക്കുന്നതാണ്.

തന്നെ ഏതാണ്ട് മുഴുവനും അറിയുവാൻ സാധിക്കും. വോട്ടു ചെയ്യുന്നതിനോടു കൂടിത്തന്നെ മറ്റൊരു സ്ഥലത്തുവെച്ചു എണ്ണുവാനും തുടങ്ങുന്നു. മററു ഭാഗങ്ങളിൽ നിന്നു ഫലങ്ങളെപ്പററി ലണ്ടനിലേക്കു മിനിട്ടുതോറും കമ്പിയുണ്ടാകും. ലണ്ടനിൽ വർത്തമാനപത്രമാപ്പീസുകളുടെ മുൻവശങ്ങളിൽ ഇലക്ട്രിക്ക് ബാംബുകൾ അക്ഷരരീതിയിൽ കത്തിച്ചു വിവരം പൊതുജനങ്ങളെ അറിയിക്കുന്നു; ഇന്ന കക്ഷിയിൽപെട്ട ഇന്ന ആൾക്ക് ഇത്ര വോട്ട് കിട്ടി; ഇന്ന ആൾ ജയിച്ചു എന്നിങ്ങിനെയാണ് വിവരം കൊടുക്കുക

അങ്ങനെ വിവരം അറിയുന്നതിന്നായി ജനങ്ങൾ ആണും പെണ്ണും എന്നുള്ള വ്യത്യാസമൊന്നുംകൂടാതെ തെരുവുകളിൽ കണക്കില്ലാതെ തിക്കിയും തിരക്കിയും ഒരുമിച്ചുകൂടുന്നു. ഒരു കക്ഷി സ്ഥാനാർത്ഥി ജയിച്ചു എന്നു കാണുമ്പോൾ ആ കക്ഷിക്കാർ ആർപ്പ് വിളിച്ചു ബഹളം കൂട്ടുന്നു. അടുത്തു നിൽക്കുന്ന ആളുടെ തൊപ്പി എടുത്തു ദൂരെ എറിയുന്നു. അപ്പോൾ കുറച്ചു അടിയും പിടിയും ഉണ്ടാകാറുണ്ട്. തൃശ്ശിവപേരൂർ പൂരത്തിൻനാൾ രാത്രി 'ആന വരുന്നു' എന്നും മററുമുള്ള ഭീഷണി കേട്ടാൽ ജനങ്ങൾ പരിഭ്രമിച്ചു ഓടുമ്പോൾ ഉണ്ടാകുന്ന തിരക്കൊന്നും ഇത് കാണുമ്പോൾ സാരമുള്ളതായി തോന്നുന്നില്ല. ഇലക്ഷൻരാത്രി സ്ത്രീകുട്ടികൾ പല വികൃതവേഷവും ധരിച്ചു കൂട്ടംകൂട്ടമായി ആർപ്പ് വിളിച്ചു തെരുവീഥികളിൽക്കൂടി അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കും. അപ്പോൾ പോലീസ്സ്കാരെ കണ്ടാൽ അവരുടെ തൊപ്പി നിരത്തിൽക്കൂടി തട്ടിക്കളയുകയും പതിവാണ്. പക്ഷെ തൊപ്പി പോയാലും അന്നു രാത്രി പോലീസ്സുകാർ ചിരിക്കുകയേ ഉള്ളു.

ആർപ്പും, തല്ലും, പിടിയും, തൊപ്പിതട്ടി ദൂരെ ഇടലും മററും കണ്ടാൽ നമ്മുടെ നാട്ടിൽ ഗൌരവഭാവം നടിച്ചു നടക്കുന്ന സായ്പന്മാർ തങ്ങളുടെ സ്വദേശത്ത് ഇങ്ങിനെയൊക്കെ പെരുമാറുമോ, എന്നു നാം അത്ഭുതപ്പെടാതിരിക്കയില്ല. അവരും നമ്മെപ്പോലെയുള്ള മനുഷ്യരാണെന്നു വിശ്വസിച്ചു നാം പ്രവർത്തിക്കുന്നപക്ഷം നമ്മുടെ ആണത്വമില്ലാത്ത മനോഭാവത്തിന്നു ഒരു നിവാരണമുണ്ടാകും; തീർച്ചതന്നെ.

യാഥാസ്ഥിതികക്കാർക്കാണ് ഇത്തവണ വോട്ട് അധികം കിട്ടിയത്. എങ്കിലും മററു കക്ഷികളും അതിന്നടുത്തുതന്നെ നില്ക്കുന്നതുകൊണ്ട് അവർക്ക് തന്നത്താൻ ബുദ്ധിമുട്ടുകൂടാതെ ഗവർമ്മേണ്ട് നടത്തുവാൻ പ്രയാസമായിവന്നിരിക്കുന്നു ഗവർമ്മേണ്ട് എങ്ങിനെയാണ് രൂപപ്പെടുത്തുക എന്നു കണ്ടുതന്നെ വേണം അറിയുവാൻ.

തണുപ്പിന്റെ ശല്യംകൊണ്ട് എഴുതുവാൻ തീരെ സാധിക്കുന്നില്ല. തെരുവുകൾ മഞ്ഞുകൊണ്ടു നിറഞ്ഞു കിടക്കുകയാണ്. ഇവിടുത്തെ ഇപ്പോഴത്തെ കാലാവസ്ഥയെക്കുറിച്ചു മറെറാരു കത്തിൽ എഴുതിക്കൊള്ളാം.


ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്കബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും വൃത്തിയായും കൃത്യസമയത്തു് ചെയ്തുകൊടുക്കും.

അധിക വിവരങ്ങൾക്ക് അന്വേഷിക്കുക:—

എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.

# കുറിപ്പുകൾ

## റഷ്യയിലെ കുടുംബജീവിതം—

റഷ്യയിലെ കുടുംബജീവിതത്തിന്റെ ചില ഭാഗങ്ങൾ അന്യത്ര ചേർത്ത ഒരു ലേഖനത്തിൽ കാണാവുന്നതാണ്. യുദ്ധംനിമിത്തം ജനവിഭാഗത്തിലുണ്ടായിവരുന്ന കുറവു നികത്തുന്നതിന്നു ജനനത്തോതു വർദ്ധിപ്പിക്കുവാൻ സോവിയറ്റു ഗവർമ്മേണ്ടു പരിശ്രമിക്കുന്നുണ്ടെങ്കിൽ അവജ്ഞയോടുകൂടി വീക്ഷിക്കേണ്ടതായ ഒരു സംരംഭമല്ല അതു്. ജനനത്തോതു വർദ്ധിപ്പിക്കുവാൻ ജനങ്ങളുടെ ഇടയിൽ അഭിലാഷവും പ്രേരണയും വളർത്തുന്നതിന്നു ഗവർമ്മേണ്ടു നടപ്പാക്കിയ നിയമത്തിൽ, വിവാഹിതരാണെങ്കിലും അല്ലെങ്കിലും മാതാക്കളായിത്തീരുവാൻ സകല സ്ത്രീകൾക്കും ഉള്ള അധികാരത്തെ—സ്ത്രീകളുടെ പ്രഥമമായ സാമുദായിക കർത്തവ്യം എന്നാണ് അതിനെ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്—സർവ്വഥാ പരിഗണിക്കുകയും, വിവാഹബന്ധമില്ലാതെതന്നെയുണ്ടാകുന്ന ശിശുജനനങ്ങൾ "നിയമവിരോധ"മല്ലാതാക്കുകയും, അത്തരം കുട്ടികളുടെ ചെലവിന്നു ഗവർമ്മേണ്ടു ദായകം നൽകുകയും, കുട്ടികളെ വളർത്തുവാനുള്ള ഭാരം ഗവർമ്മേണ്ടു ഏറെറടുക്കുകയും ഗവർമ്മേണ്ടിനെ ആ ഭാരം ഏല്പിക്കുവാൻ സ്ത്രീകൾക്കു പ്രോത്സാഹനം നൽകുകയും മററുമാണ് ചെയ്യുന്നതു്.

വിവിധങ്ങളായ തൊഴിലുകളിലും മററും ഏർപ്പെട്ട സ്ത്രീകൾ ശിശുക്കളെ പരിചരണശാലകളിൽ ഏല്പിക്കുക, രാത്രികാലങ്ങളിൽ, അഥവാ, മാതാക്കളുടെ ജോലിത്തിരക്കനുസരിച്ച വാരാന്ത്യങ്ങളിൽ മാത്രം, സ്വമാതൃത്വം ഒന്നു പുതുക്കുക മുതലായ വിവരങ്ങൾ അറിയുമ്പോൾ, ഗർഭസന്ധാരണവും പ്രസവവും ശിശുസംരക്ഷണവും മററും വെറുമൊരു യന്ത്രസമാനം നടന്നുപോകുകയാണ് റഷ്യയിൽ എന്നു ധരിക്കുന്നവരെ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. ഇത്തരം ശിശുസംരക്ഷണനിയമത്താൽ മാതൃസഹജമായ വാത്സല്യവും തജ്ജന്യമായ മനോനിർവൃതിയും റഷ്യയിൽ തിരോഭൂതമായിത്തീരുന്നില്ലേ എന്നു സംശയിക്കാൻ പാടില്ലായ്കയില്ല.

സ്ത്രീപുരുഷബന്ധം, ഭാര്യാഭർത്തൃബന്ധം, പിതൃശിശുബന്ധം എന്നിത്യാദി കുടുംബജീവിതത്തിന്റെ നാനാതുറകളിലും സാന്മാർഗ്ഗികത്വം ലോകാരംഭം മുതൽ നടപ്പിൽവന്നിട്ടുള്ളതാണ്. ഇത്തരം സാന്മാർഗ്ഗികജീവിതങ്ങൾ ഉപദേശിക്കാത്ത യാതൊരു മതവും ഇന്നുവരെ ലോകത്തിലുണ്ടായിട്ടില്ല. സ്ത്രീപുരുഷബന്ധം ദുഷ്പന്ഥാവുകളിലേക്കു വ്യതിചലിക്കുവാൻ എളുപ്പമായതുകൊണ്ടാണ് സാന്മാർഗ്ഗികത്വത്തിന്റെ പരമകാഷ്ഠയാണതിൽ അനുവർത്തിക്കേണ്ടതെന്നു സകലമാന മതാചാര്യന്മാരും അനുശാസിച്ചിട്ടുള്ളതു്. റഷ്യയിലെ സാമുദായികമായ നിയമങ്ങളാൽ ഈ സാന്മാർഗ്ഗിക ജീവിതം—പരിശുദ്ധവും അനപേക്ഷണീയവുമെന്നു ലോകം വിധിച്ചിട്ടുള്ള സന്മാർഗ്ഗികജീവിതം അവിടെ ശിഥിലീഭവിക്കുക മാത്രമല്ല അസ്തംഗതമാവുകതന്നെ ചെയ്തിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭാര്യാഭർത്തൃബന്ധമില്ല, പിതൃശിശുബന്ധമില്ല, ചുരുക്കിപ്പറഞ്ഞാൽ കുടുംബജീവിതവും അതിനെ ശോഭായമാനമാക്കുന്ന സാന്മാർഗ്ഗികനിഷ്ഠയും ഇല്ല, ഗർഭധാരണവും പ്രസവവും

ശിശുശുശ്രൂഷയും വെറും ഫാക്ടറികളിലെ പ്രവൃത്തികൾപോലെ മാത്രം, സ്റ്റേററ് മാത്രം സനാതവും ഏകവും, മററെല്ലാം അതിൻെറ നിലനിൽപ്പിന്നുള്ള ഉപാധികൾമാത്രം—സോവിയററുനാട്ടിലെ ഈ നില അഭിലഷണീയമായ ഒന്നായിക്കരുതുവാൻ നിവ്വാഹമുണ്ടെന്നു തോന്നുന്നില്ല. ഭൌതികമായിമാത്രമല്ല, ആദ്ധ്യാത്മികമായും സാന്മാൎഗ്ഗികമായും മനുഷ്യന്നു ചില്ലീകടമകളെല്ലാമുണ്ട്; സകലമതങ്ങളും അവയനുശാസിക്കുന്നു. റഷ്യയിലെ ഇന്നത്തെ കുടുംബജീവിതംമാത്രം അവയെ അവജ്ഞയോടെ തിരസ്കരിക്കുന്നു.

## റൂസ്‌വെൽററിൻെറ വിജയം

മി. റൂസ്‌വെൽററ് നാലാമത്തും അമേരിക്കൻ ഐക്യരാജ്യത്തിലെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നുള്ള വാൎത്ത സമാധാനകാംക്ഷികളും പുരോഗമന ചിന്തകന്മാരുമായ എല്ലാ ദേശീയരെയും ഹഷപുളകം കൊള്ളിച്ചിരിക്കുന്നു. അപകടമേറിയ ഈ കാലഘട്ടത്തിൽ രാഷ്ട്രീയനയത്തിൻെറ തുടച്ച്യയ്ക്ക് കോട്ടംതട്ടാതെ കാൎയ്യക്ഷമമായ ഭരണം നടത്തുവാൻ ശേഷിയും പരിചയവുമുള്ള ഒരു രാഷ്ട്രതന്ത്രവിശാരദനെ അമേരിക്കയ്ക്കു ലഭിച്ചതു് അനിതരസാധാരണമായ ഒരനുഗ്രഹംതന്നെയാണ്. ഈ വാർദ്ധക്യകാലത്ത് വീണ്ടും ഭരണഭാരം കൈയ്യേൽക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് യഥാൎത്ഥ ദേശാഭിമാനംതന്നെയാണ്. അദ്ദേഹത്തിൻെറ "ന്യൂഡീലും" സമരനയവും ലോകത്തിൻെറ പ്രശംസയ്ക്കു പാത്രീഭവിച്ചുകഴിഞ്ഞു. ഇനിയും ശത്രുവിനെ നിശ്ശേഷം തോല്പിച്ചു ശാശ്വതമായ സമാധാനം ലോകത്തിൽ സ്ഥാപിക്കുന്നതിന്നുള്ള ചുമതല അദ്ദേഹത്തിൽതന്നെ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിൻെറ ഭരണം കൂടുതൽ വിജയപ്രദമായിത്തീരട്ടെയെന്ന് ഞങ്ങൾ ആശംസിക്കുന്നു.

## തിരൂര് മുസ്ലിം ബാലികാ ഹൈസ്കൂൾഫണ്ട്

പ്രസ്തുത ഫണ്ടിലേക്കു ജനാബ് ഈസ്സാ കാസം ദാതാ, C/o മെസ്സേർസ് ഹുസ്സൻ കാസ്സംദാതാ 500ക. സംഭാവന നൽകിയിരിക്കുന്നു.

---

വരിക്കാരെ നേരിട്ടുകണ്ടു പണം വസൂലാക്കുന്നതിന്നും മററും കുറച്ചുകാലമായി സൌകൎയ്യപ്പെടാത്തതുകൊണ്ടു 'റവ്യൂ'വിൻെറ വരിസംഖ്യ, ഒട്ടധികം ബാക്കിയായിട്ടുള്ള സങ്കടാവസ്ഥ വരിക്കാരെ ഞങ്ങൾ വിനയപൂൎവ്വം അറിയിച്ചുകൊള്ളുന്നു. പണം പിരിക്കുന്നതിന്നു, ഒപ്പിട്ട രശീതിസ്സഹിതം ഏതാനും സ്ഥലങ്ങളിലേക്കു പ്രതിനിധികളെ അയക്കുന്നുണ്ടു. ദയവുചെയ്തു അവർ നിങ്ങളെ സമീപിക്കുമ്പോൾ കുടിശ്ശിക തീൎത്തുകൊടുപ്പാൻ അപേക്ഷ. വിദൂരദേശങ്ങളിലുള്ളവർ അവരുടെ സംഖ്യ മണിഓഡർ ആയി അയച്ചുതരികയും ചെയ്യുന്നതിന്നപേക്ഷ.

മാനേജർ.

## വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

# ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാല്പത്തീരാണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിന്റെ അഥവാ "ആര്യവൈദ്യ"ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഏറ്റവും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ, വൈദ്യരത്നത്തിന്റെതന്നെ ഏറ്റവും നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൗകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതിഅറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽതന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ് ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്

മാനേജർ.

# മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിന്റെ ശബ്ദാർത്ഥസൌകുമാര്യം കളിയാടുന്ന പുതിയവിവർത്തനം. ഇതിന്റെ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. ഏ. എഴുതുന്നു: "വാസനാനുഗൃഹീതനും കവിധർമ്മമർമ്മജ്ഞനുമായ ഒരു കേരളീയ സഹൃദയവര്യന്റെ വിശദമനോമുകുരത്തിൽ നിഴലെടുത്തുയർന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിന്റെ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദം എന്നതിനു പകരം 'മേഘച്ഛായ' എന്ന് ഇതിനു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോട് ഏററവും യോജിച്ചുപോയിട്ടുള്ള ഒരു തർജ്ജമയാണിതെന്ന് ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി. വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം

**THE DECCAN PUBLISHING HOUSE,**
**HUZUR ROAD, CALICUT.**

# STEEL SAFES
**AND**
# Strong Rooms Specialities



RENOWNED
QUALITY AND
WORKMANSHIP
TO ANY
SPECIFICATIONS.

**PRICES MODERATE**

## THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.